ദി ഡിഫെൻഡർ

Vol. No. 15 Issue No. 3 RNI Reg. No. 68089 / 97 Published From Perumbavoor 2012 February 1 Price: Rs.100/- P.A.

# ഐ.പി.സി ഇലക്ഷനിൽ സ്ഥാനമോഹികളുടെ ചാകര

ആരോ ഏഴോ മാസം കഴിഞ്ഞ് നടക്കാൻ പോകുന്ന ഐ.പി.സി ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥി നിർണ്ണയവും വോട്ടു പിടുത്തവും കുതികാലു വെട്ടലും കാലുവാരലും തകൃതിയായി നടക്കുകയാണ്. ഇത്തവണത്തെ കുമ്പനാട് കൺവൻഷൻ രാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം ശുഷ്ക്കമാകുകയും ചെയ്തു. രണ്ടു പാനൽ നിലവിൽ വന്നുകഴിഞ്ഞു. പക്ഷേ സ്ഥാനമോഹികളുടെ വലിയൊരു കൂട്ടം അവശേഷിക്കുന്നു. അതുകൊണ്ട് കൂടുതൽ പാനലുകൾ ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാൻ പറ്റില്ല. ഒരു പാനലിലും പെടാത്ത ചിലരും ഉണ്ടാകും.

വൽസൻ തമ്പുരാൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുമെന്നാണു കരുതിയിരുന്നതെങ്കിലും വൽസനെതിരെ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്കു മൽസരിക്കുമെന്നാണു സുദർശൻ പിള്ള പറയുന്നത്. വൈസ് പ്രസിഡന്റാകാൻ പറ്റിയില്ലെങ്കിൽ വൽസനെതിരെ മൽസരിക്കുമെന്നു ബേബി വർഗീസ് പറഞ്ഞെന്നും കേൾക്കുന്നു. എതിരില്ലാതെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുമെന്നു കരുതപ്പെട്ടിരുന്ന കെ.സി.ജോണിനും മൽസരം നേരിടേണ്ടി വരുമെന്നാണ് അറിയുന്നത്. കെ.സിക്കെതിരെ ആരൊക്കെ സ്ഥാനാർത്ഥികളാകുമെന്നു നിശ്ചയമില്ല. പ്രബലനായ ഒരു സ്ഥാനാർത്ഥി വന്നാൽ കെ.സി.ജോൺ പൊട്ടും.

കെ.സി.തോമസിനെ ജനറൽ സെക്രട്ടറി ആക്കാനും കെ.സി.ജോൺ സ്റ്റേറ്റ് പ്രസിഡന്റാകാനും നടത്തിയ ശ്രമം വിജയിച്ചില്ല. എങ്കിലും ആ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. മൽസരം ഉണ്ടാകില്ല എന്നു കരുതിയിരുന്ന സ്ഥാനങ്ങളിലേക്കുപോലും മൽസരം നടക്കുമെങ്കിൽ മൽസരം ഉറപ്പായ സ്ഥാനങ്ങളുടെ സ്ഥിതി ഊഹിക്കാമല്ലോ. രാഷ്ട്രീയക്കാർ മാത്രമല്ല സാക്ഷാൽ ചെകുത്താൻ വരെ തോറ്റോടുന്നത്ര ഹീനമായ കളികൾ ഇത്തവണത്തെ ഐ.പി.സി ഇലക്ഷനിൽ നടക്കും.

'സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചവർ' എന്ന തലക്കെട്ടിൽ എട്ടു പേരുടെ ഫോട്ടോ പ്രബോധനം വോയിസിൽ കണ്ടു. ബേബി വർഗീസ്, വിൽസൻ ജോസഫ് എന്നിവർ ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു മൽസരിക്കുമത്രേ. സാം ജോർജ് ജനറൽ ജോ.സെക്രട്ടറി സ്ഥാനവും പി.എം.ഫിലിപ്പ് ജനറൽ ട്രഷറാർ സ്ഥാനവും മോഹിക്കുന്നു. സ്റ്റേറ്റ് വൈസ് പ്രസിഡന്റാകാനാണ് ജോസഫ് ഏബ്രഹാമിനു മോഹം. സ്റ്റേറ്റ് ജോ.സെക്രട്ടറിയാകാൻ കെ.റ്റി.ജോഷ്വയും എൽ.കെ.റോയിയും കച്ചകെട്ടുന്നു. സണ്ണി മുളമൂട്ടിലിനു സ്റ്റേറ്റ് ട്രഷറാർ ആയാൽ മതി. കെ.എം.ജോസഫ്, ഫിലിപ്പ് പി.തോമസ്, എം.പി. ജോർജ്കുട്ടി, രാജു പൂവക്കാല, വർഗീസ് മത്തായി, ജോയി താനവേലിൽ, വർഗീസ് മരത്തിനാൽ, ജോർജ് ഉമ്മൻ, ഷിബു നെടുവേലിൽ, കുര്യൻ ജോസഫ് തുടങ്ങിയവർ മാസങ്ങളായി രംഗത്തുണ്ട്. ഇനി ആരൊക്കെ എത്തുമെന്നു കണ്ടുതന്നെ അറിയണം. ഏതായാലും ഡിഫെൻഡറിനു വാർത്തയ്ക്കു പഞ്ഞമുണ്ടാകില്ല.

## ശിന്നൻമാരും മോശമാകില്ല

ഐ.പി.സിയിലെ കാരണവൻമാർ അങ്കത്തിന് അരയും തലയും മുറുക്കി ഇറങ്ങുമ്പോൾ ശിന്നൻമാരായ പി.വൈ.പി.എക്കാർ മാളത്തിലൊളിക്കുന്നതു ശരിയല്ലല്ലോ. അതുകൊണ്ട് അവരും രാഷ്ട്രീയക്കളികൾ തുടങ്ങിക്കഴിഞ്ഞു. നിലവിലുള്ള പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ പലർക്കും പ്രായാധിക്യം മൂലമുള്ള അവശതകൾ നിമിത്തം മൽസരിക്കാൻ പറ്റില്ല. അതുകൊണ്ട് ഏതാനും പഴയ മുഖങ്ങളും അതിലധികം പുതിയ മുഖങ്ങളും ഗോദായിലിറങ്ങുമെന്നു വ്യക്തം. സാം പനച്ചയിൽ, ജസ്റ്റിൻ തോമസ് (നെടുവേലിൽ), ബിനു കൊന്നപ്പാറ, വിൽസൻ സാമുവൽ, നോബിൾ ജേക്കബ് ശാമുവൽ, ചാർലി സാം ബാബു, ജയ്സൺ ബാബു, ജോഷ്‌ലി ജോസി എന്നിവർ ഒരു പാനലിൽ ഉണ്ടെന്നു കേൾക്കുന്നു. മറുപക്ഷത്ത് ആരൊക്കെ എന്നു വ്യക്തമായിട്ടില്ല. ഒരു പാനലിലും ഉൾപ്പെടാത്തവരും ഉണ്ടായെന്നു വരാം. ഏതായാലും സംഗതി പൊടിപൂരമായിരിക്കും.

# ഹൈക്കോടതിവിധി ആദായസൂത്രമാക്കുന്നു

മുതലക്കണ്ണീർ പൊഴിക്കുന്ന കാര്യത്തിൽ പെന്തക്കോസ്ത് നേതാക്കൻമാരും ചില പത്രക്കാരും മുതലയെപ്പോലും തോല്പിക്കുമെന്ന് ഇതാ വീണ്ടും തെളിയുന്നു. പെന്തക്കോസ്ത് വിശ്വാസികൾക്കു വീടുകളിൽ പ്രാർത്ഥന നടത്തുന്നതിന് കളക്ടറുടെ മുൻകൂർ അനുമതി വേണമെന്നു കേരള ഹൈക്കോടതി വിധിച്ചു എന്ന പത്രവാർത്തയാണ് പെന്തക്കോസ്തിലെ ചില ദുർലാഭ മോഹികൾ ആദായസൂത്രമാക്കുന്നത്. പെന്തക്കോസ്തരുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കയാണെന്നും ഇതിനെതിരെ മരണം വരെ പോരാടാൻ തങ്ങൾ തീരുമാനിച്ചിരിക്കുന്നെന്നും പ്രഖ്യാപിച്ചുകൊണ്ടു രംഗത്തു വന്നിരിക്കയാണ് ഈ വിരുതൻമാർ. പത്രത്തിൽ കണ്ട വാർത്ത മാത്രമാണ് ഇത്തരക്കാരുടെ കൈമുതൽ. കോടതി യഥാർത്ഥത്തിൽ എന്താണു പറഞ്ഞതെന്നു പരിശോധിക്കാൻ പോലും ഇവർക്കു നേരമില്ല.

ബ്രദറൺ സഭയെ സഭയായി അംഗീകരിക്കാൻ പറ്റില്ല എന്നു സർക്കാർ പറഞ്ഞു എന്നൊരു പച്ചക്കള്ളം അടിച്ചുവിട്ട് അജ്ഞൻ കുഞ്ഞ് ജനവഞ്ചന നടത്തിയ സംഭവം മറക്കാറായിട്ടില്ല. അജ്ഞൻ പറഞ്ഞത് അതേപടി വിശ്വസിച്ച് മറ്റു പത്രക്കാരും കോലാഹലമുണ്ടാക്കി. പ്രതിഷേധയോഗങ്ങൾ പൊടിപൊടിച്ചു. മത്തങ്ങയെപ്പോലുള്ളവർ ശരിക്കും കൊയ്തു. എന്നിട്ടോ? പ്രതിഷേധങ്ങളുടെ വാർത്ത പത്രങ്ങളിൽ വന്നതോടെ എല്ലാവരും ശാന്തരായി. ബ്രദറൺ സഭക്ക് എന്തു സംഭവിച്ചാലും നമുക്കെന്ത് എന്നാണ് ഇപ്പോഴത്തെ നിലപാട്. ആ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് അജ്ഞൻ പോലും തിരക്കുന്നില്ല. രണ്ടു മാസം മുമ്പ് മുല്ലപ്പെരിയാർ പ്രശ്നം വന്നു. അതോടെ പെന്തക്കോസ്തിലെ പ്രതിഷേധവീരൻമാർ ഉഷാറായി. എല്ലാവരും വള്ളക്കടവിലേക്കു വിനോദയാത്രപോയി, ജാഥാ നടത്തി, പ്രസംഗിച്ചു. എല്ലാ കലാപരിപാടികളുടെയും ഫോട്ടോ എടുത്തു പത്രങ്ങളിൽ കൊടുത്തു. പത്രങ്ങളിൽ ഫോട്ടോ സഹിതം വാർത്ത വന്നതോടെ പ്രതിഷേധക്കാർ ശാന്തരായി. ഇനി മുല്ലപ്പെരിയാറിനു പൊട്ടുകയോ ചീറ്റുകയോ ഒക്കെ ചെയ്യാം. പ്രതിഷേധക്കാർ വായ് തുറക്കില്ല.

ഈ പ്രതിഷേധത്തൊഴിലാളികൾ ഇപ്പോൾ കോടതിവിധിയിൽ പിടുത്തമിട്ടിരിക്കയാണ്. പ്രസ്താവന, പ്രതിഷേധം, നിവേദനം തുടങ്ങിയവയൊക്കെ പൂർവ്വാധികം ഭംഗിയായി നടത്തുന്നു. പ്രസ്സ് അസ്സോസിയേഷനുകളെല്ലാം യോഗം നടത്തും. സഭാനേതാക്കൻമാർ പ്രതിഷേധക്കുറിപ്പിറക്കും. ഏപ്രിൽ കഴിയുന്നതോടെ ഇവനൊക്കെ അമേരിക്കയ്ക്കു പറക്കും. അടുത്ത നവംബറിലേ ഈ പുമാൻമാർ മടങ്ങിയെത്തൂ. അപ്പോൾ ഭവനപ്രാർത്ഥനയുടെ കാര്യമോ? എന്തുഭവനം, എന്തു പ്രാർത്ഥന. പ്രതിഷേധിച്ചു, ഫോട്ടോ സഹിതം വാർത്തയും വന്നു. അതുപോരായോ? മതിയേ മതി. ഇതു പെന്തക്കോസ്തല്ലേ.

# ഇവർ പുറത്തായാൽ നന്ന്

എ.ജി. മലയാളം ഡിസ്ട്രിക്റ്റ് ഇലക്ഷൻ അടുത്തു വരുന്നു. ആരാകും അടുത്ത സൂപ്രണ്ട്? പി.എസ്.ഫിലിപ്പ് തുടരുമോ? അതോ പിന്നേം ടി.ജെ.ശങ്കരൻ തെങ്ങിൽ കയറുമോ? ഇതാണ് ഭൂരിപക്ഷം എ.ജി.ക്കാരും ചോദിക്കുന്നത്. ഒരു സംശയം: ഈ രണ്ടു ചങ്ങാതിമാർ മാത്രമേ സൂപ്രണ്ടാകാൻ യോഗ്യരായുള്ളോ? ഈ രണ്ട് അണ്ണൻമാരെയും ചവിട്ടി പുറത്താക്കിയിട്ട് ഏതെങ്കിലും ഒരു ദൈവദാസനെ സൂപ്രണ്ടാക്കാൻ പറ്റില്ലെന്നുണ്ടോ?

പരമ കഞ്ഞിയായ പി.എസ്. ഫിലിപ്പ് വീണ്ടും സൂപ്രണ്ടായാൽ എന്തു ഗുണമാണുണ്ടാകുക? കഴിഞ്ഞ രണ്ടു വർഷം ഇയാൾ എന്തു ചെയ്തു? പട്ടി കച്ചിപ്പുറത്തു കിടക്കുന്നതുപോലെ കിടന്നു. പട്ടികൾ കുരയ്ക്കുകയോ കുറഞ്ഞപക്ഷം മുറുമ്മുകയെങ്കിലുമോ ചെയ്യും. ഈ വിദ്വാൻ അതും ചെയ്തില്ല. ഇയാളെ വീണ്ടും സൂപ്രണ്ടാക്കിയാൽ അടുത്ത രണ്ടു വർഷം കൂടി ഈ നിർഗ്ഗുണ പരബ്രഹ്മം കച്ചിപ്പുറത്തു കിടന്നു കൂർക്കം വലിക്കും.

എന്നാൽ ടി.ജെ.തണ്ടനെ വീണ്ടും തണ്ടിലേറ്റിയാലോ?



പി.എസ്.ഫിലിപ്പ്



ടി.ജെ.ശാമുവൽ

കഴിഞ്ഞൂ കഥ. ഏറാൻ മൂളികൾക്കും വ്യാജൻമാർക്കും നല്ലകാലമാരംഭിക്കും. പക്ഷേ സാധുക്കളായ പാസ്റ്റർമാർ കണ്ണീരു കുടിക്കേണ്ടതായി വരും. വളഞ്ഞവട്ടനും ഷാജിയും എൻ.സി.രാജുവും മറ്റും എ.ജിയുടെ തലപ്പത്തെത്തും. അഴിമതിയും സ്വജനപക്ഷപാതവും ഗുണ്ടായിസവും എ.ജിയുടെ മുഖമുദ്രയാകും.

ബാബു ജോർജിന് എ.ജിയുടെ സൂപ്രണ്ടാകണമെന്നു മോഹമുണ്ട്. പക്ഷേ വേണ്ടതിലധികം ദുഷ്പേരുള്ളതുകൊണ്ട് ആ മോഹം പൂവണിയുമെന്നു തോന്നുന്നില്ല. ജനറൽ കൺവൻഷനിൽ പ്രസംഗം എഴുതി വായിച്ചതോടെ ഇയാൾ പരിഹാസ്യനുമായിരിക്കയാണ്.

ഈ മൂവരുമല്ലാതെ ആരെങ്കിലും ഒരാൾ സൂപ്രണ്ടാകണം. ആര്? അത് എ.ജിയിലെ പാസ്റ്റർമാരും വിശ്വാസികളും തീരുമാനിക്കട്ടെ. നേതൃത്വഗുണമുള്ളവനും ഉപദേശ വിഷയങ്ങളിൽ തീവ്ര നിലപാടുകളുള്ളവനുമായാൽ നന്ന്. തീരുമാനങ്ങളെടുക്കാനും എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കാനും കഴിയുന്നവനാകണം. അങ്ങനെയുള്ള പലർ എ.ജിയിലുണ്ട്. അവരിൽ ആരെങ്കിലും നേതൃസ്ഥാനത്തെത്തിയാൽ നന്നായിരിക്കും.

ഈ പറഞ്ഞതു ഡിഫെൻഡറിന്റെ ആഗ്രഹമാണ്. എ.ജി. എന്നതു മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമാണെങ്കിലും എ.ജിയിൽ നിരവധി ദൈവദാസൻമാരും ദൈവമക്കളുമുണ്ട്. അവരിൽ പലരും എ.ജിയുടെ സൂപ്രണ്ടിനെ ദൈവദാസനായി തെറ്റിദ്ധരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. പി.എസ്. ഫിലിപ്പിനെപ്പോലുള്ള തണുപ്പനോ ടി.ജെയെപ്പോലുള്ള ദുരുപദേശക്കാരനോ നേതൃസ്ഥാനത്തെത്തിയാൽ നിരവധി സാധുക്കൾക്കു വഴിതെറ്റും. അത് ഒഴിവാക്കാനാണു ഡിഫെൻഡർ ശ്രമിക്കുന്നത്, വിജയിക്കണമെന്നില്ല. കാരണം, വോട്ടുകൾ മറിയുന്നത് ആത്മീയത മാനദണ്ഡമാക്കിയല്ല. എ.ജി.യെ നയിക്കാൻ യോഗ്യരായ നിരവധി ദൈവദാസൻമാരുണ്ടെങ്കിലും അവർ പാനൽ രൂപീകരിക്കാനോ വോട്ടു പിടിക്കാനോ തയ്യാറാകുകയില്ല. അതുകൊണ്ട് ദൈവദാസൻമാർ നേതൃസ്ഥാനത്തെത്താനുള്ള സാധ്യത വിരളമാണ്.

### പകൽക്കാലം

പൗലോസും ലേഖനങ്ങൾ എഴുതി വായിപ്പിച്ചാരുന്നല്ലോ?



നേതാവു പ്രസംഗം എഴുതി വായിച്ചു: വാർത്ത

ദി ഡിഫെൻഡർ
Vol. No.15 Issue No.3 2012 February 1

# ലജ്ജാകരം!

'ലജ്ജാകരം' എന്ന ഒറ്റ വാക്കുകൊണ്ട് ഇക്കൊല്ലത്തെ ഐ.പി.സി., എ.ജി., സി.ഓ.ജി. കൺവൻഷനുകളെ വിലയിരുത്താം. അത്രയ്ക്കു ഹീനമായ കാര്യങ്ങളാണ് ഈ കൺവൻഷനുകളിൽ നടന്നത്. കള്ളൻമാരുടെ ഗുഹയായി യരൂശലേം ദൈവാലയം മാറിയെങ്കിൽ വ്യാജൻമാരുടെ കൂത്തരങ്ങായാണ് പെന്തക്കോസ്ത് തീർന്നിരിക്കുന്നത്.

കസേരകളി എന്ന കോമൺ ഫാക്ടറാണ് ഈ മൂന്നു പ്രസ്ഥാനങ്ങളുടെ കൺവൻഷനുകളിലും പ്രധാന വില്ലനായത്. ഏഴോഎട്ടോ മാസം കഴിഞ്ഞു നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിനായുള്ള ഒരുക്കമാണ് ഐ.പി.സിയിൽ നടന്നത്. കോടികൾ മറിയുന്ന ചൂതുകളിയാണ് ഐ.പി.സി തെരഞ്ഞെടുപ്പ്. കിട്ടാനുള്ളതും കോടികൾ തന്നെ. പാസ്റ്റർമാരും വിശ്വാസികളും രണ്ടു പാനലുകളായിത്തിരിഞ്ഞു കഴിഞ്ഞു. ഒരു പാനനിലും ഉൾപ്പെടാത്തവരുമുണ്ട്. ഇവരെല്ലാം ചേർന്ന് കൺവൻഷൻ കുളമാക്കി. അതിനിടയിലേക്കാണ് ക്രിസോസ്റ്റം തിരുമേനി എഴുന്നെള്ളിയത്. അതോടെ മഹതിയാം ബാബിലോണിന്റെ പര്യായമായി ഐ.പി.സി മാറി. ആ മഹാവേശ്യയുടെ വസ്ത്രത്തിന്റെ തൊങ്ങലെങ്കിലും തൊട്ടാൽ അതു മഹാഭാഗ്യമായി എന്ന ഭാവമായിരുന്നു നേതാക്കൻമാർക്ക്. കന്നിമാസത്തിലെ ശുനകൻമാരെപ്പോലെ ഈ നേതാക്കൻമാർ നടന്നെന്നു മാത്രമല്ല അതിൽ അഭിമാനിക്കുകയും ചെയ്തു.

രാഷ്ട്രീയത്തിന്റെ കാര്യത്തിൽ എ.ജിയും പിന്നോട്ടു പോയില്ല. പി.എസ് പക്ഷവും ടി.ജെ പക്ഷവും അന്യോന്യം പോരടിച്ചു. രണ്ടു മാസം കൂടി കഴിഞ്ഞു നടക്കുന്ന തെരഞ്ഞെടുപ്പിനായി അവർ തന്ത്രങ്ങൾ മെനഞ്ഞു. ഡിഫെൻഡറിനോടുള്ള ശത്രുതയിൽ മാത്രമേ അവർ യോജിച്ചുള്ളൂ. ആത്മീയ നൻമകൾ പ്രാപിക്കാനായി എത്തിയ ദൈവമക്കൾ നിരാശരായാണു മടങ്ങിയത്.

ചർച്ച് ഓഫ് ഗോഡിൽ നടന്നതൊക്കെ വിവരിക്കാൻ വാക്കുകൾ മതിയാകുകയില്ല. പാസ്റ്റർമാർക്ക് എത്രത്തോളം തരംതാഴാൻ കഴിയുമെന്ന് അവർ തെളിയിച്ചു. അധികാരക്കൊതി മൂത്താൽ പാസ്റ്റർ പട്ടിക്കു സമനാകും എന്ന് ഈ നീചൻമാർ കാണിച്ചുതന്നു. ആത്മീയ സന്തോഷം എന്നൊന്ന് കൺവൻഷൻ ഗ്രൗണ്ടിലെന്നല്ല തിരുവല്ല ഏരിയായിൽപ്പോലും ഇല്ലായിരുന്നു. ഇത്ര ഗുരുതരമാകും സ്ഥിതി എന്നു ഡിഫെൻഡർ പോലും പ്രതീക്ഷിച്ചില്ല.

ഇതൊക്കെയാണ് ഇനിയുള്ള വർഷങ്ങളിലും നടക്കാൻ പോകുന്നതെങ്കിൽ ജനറൽ കൺവൻഷൻ എന്ന പരിപാടി വേണ്ടെന്നു വയ്ക്കുകയാണു നല്ലത്.

# സത്യം സത്യമായി

ഫീമെയിൽ വിവാദം കെട്ടടങ്ങുന്നതിനു മുമ്പ് ഇതാ ഈമെയിൽ വിവാദം എത്തിയിരിക്കുന്നു. മുസ്ലീം സമുദായത്തെ തകർക്കാൻ സർക്കാർ ഗൂഢാലോചന നടത്തുകയാണത്രേ. പക്ഷേ മറ്റു മതക്കാരുടെ ഈമെയിലുകൾ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി വർഗ്ഗീയ ചേരിതിരിവു വളർത്താനാണു മാധ്യമത്തിന്റെ ശ്രമമെന്നു സർക്കാർ പറയുന്നു. ഏതായാലും ഈ വിവാദം ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സസ്പെൻഷനു കാരണമായിരിക്കുകയാണ്. മാധ്യമത്തിനെതിരെ കേസ്സ് ഉണ്ടാകുമോ? ഇതെഴുതുന്ന സമയം വരെ ഈ ചോദ്യത്തിനുള്ള ഉത്തരം ലഭിച്ചിട്ടില്ല. മാധ്യമം സ്വയം തെറ്റു തിരുത്തണമെന്ന് മുഖ്യമന്ത്രി പറയുമ്പോൾ കേസ്സെടുത്തേ അടങ്ങൂ എന്ന് ആര്യാടൻ പറയുന്നു. ഇതിൽ ഏതാണു സർക്കാരിന്റെ നിലപാടെന്നു വ്യക്തമല്ല. ഏതായാലും ഫീമെയിൽ മാത്രമല്ല ഈമെയിലും കുഴപ്പമുണ്ടാക്കും എന്നു തെളിഞ്ഞിരിക്കുന്നു.

കാലനും വരും കാലക്കേട് എന്നു പറഞ്ഞതുപോലെയായി ജി.മാധവൻ നായരുടെ കാര്യം. ഐ.എസ്.ആർ.ഒയുടെ തലവനായി വിരമിച്ചു. രാജ്യം മാത്രമല്ല ലോകം തന്നെ ആദരിക്കുന്ന വ്യക്തിത്വമായി വളർന്നു. അപവാദങ്ങൾക്കു വഴി വയ്ക്കാതെ ജീവിച്ചു. പക്ഷേ ഇപ്പോഴിതാ എല്ലാം തകരുമെന്ന സ്ഥിതി വന്നിരിക്കുന്നു. ഇദ്ദേഹത്തിനെതിരായി ഉയർന്നിരിക്കുന്ന ആരോപണങ്ങളിൽ കഴമ്പുണ്ടോ എന്ന് അറിഞ്ഞുകൂടാ. സംഗതി സത്യമായാലും കളവായാലും മാധവൻ നായർ വിവാദച്ചുഴിയിൽ അകപ്പെട്ടിരിക്കുന്നു. ഇനി രക്ഷപ്പെടാൻ അല്പം പണിപ്പെടേണ്ടതായി വരും എന്നു തീർച്ച.

കേരളത്തിലെ സാംസ്ക്കാരിക നായകൻമാരുടെ നായകനും വിവാദങ്ങളുടെ കൂട്ടുകാരനുമായിരുന്ന സുകുമാർ അഴിക്കോട് അന്തരിച്ചു. മരണം അപ്രതീക്ഷിതമായിരുന്നു എന്നു പറയാനാവില്ല. അതുകൊണ്ടാകാം മന്ത്രിമാരാരും ഞെട്ടാതിരുന്നത്. അഴിക്കോടിന്റെ വിമർശനങ്ങൾക്കും പിണക്കങ്ങൾക്കും ഇരയായവരിൽ ഭൂരിപക്ഷവും അവസാന കാലത്ത് അദ്ദേഹത്തെ കണ്ട് പ്രശ്നം പരിഹരിച്ചു എന്നതു നല്ലകാര്യമാണ്. വിലാസിനി ടീച്ചറുടെ സന്ദർശനം വിവാദമാകുകയും ചെയ്തു. എങ്കിലും പരിഭവങ്ങൾ പറഞ്ഞു തീർത്തതു നന്നായി.

ടി.എം.ജേക്കബ് അന്തരിച്ച് ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മുതൽ തല്പര കക്ഷികൾ പിറവം തെരഞ്ഞെടുപ്പിനെ നേരിടാൻ ഒരുക്കം തുടങ്ങി. ഇരുമുന്നണികളും സ്ഥാനാർത്ഥികളെ വരെ പ്രഖ്യാപിച്ചു. ചുവരെഴുത്തും പൊടിപൂരമായി നടത്തി. പക്ഷേ ഇലക്ഷൻ കമ്മീഷൻ ചതിച്ചു. പരമാവധി സമയമായ ആറു മാസം തീരാറാകുമ്പോൾ മാത്രമേ ഉപതെരഞ്ഞെടുപ്പു നടത്തൂ എന്നാണു കമ്മീഷന്റെ തീരുമാനം. ചുവരെഴുത്തിനും പോസ്റ്ററിനും മറ്റുമായി മുടക്കിയ ലക്ഷങ്ങൾ പാഴായി. ഇനി ഒന്ന് എന്നു തുടങ്ങണം. കമ്മീഷൻ ഇത്ര വലിയ കൊലച്ചതി ചെയ്യുമെന്ന് ആരും കരുതിയില്ല.

തെരഞ്ഞെടുപ്പ് എത്തുന്നതിനു മുമ്പുതന്നെ അനൂപ് ജേക്കബ്ബിന്റെ കഷ്ടകാലം തുടങ്ങിയെന്നു തോന്നുന്നു. ഒന്നിനു പിറകെ മറ്റൊന്ന് എന്ന ക്രമത്തിൽ രണ്ട് ആക്സിഡന്റുകളുണ്ടായി. രണ്ടാമത്തേത് അല്പം ഗൗരവമുള്ളതായിരുന്നു. അതുകൊണ്ട് കുറെ ദിവസം ആശുപത്രിയിൽ കിടക്കേണ്ടതായി വരികയും ചെയ്തു. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചശേഷമാണ് ആക്സിഡന്റ് ഉണ്ടായതെങ്കിൽ അതു സഹതാപതംരംഗം സൃഷ്ടിക്കാൻ സഹായകമാകുമായിരുന്നു. പക്ഷേ സംഗതി അല്പം മുൻകൂട്ടി നടന്നതുകൊണ്ട് സഹതാപം വകയിൽ നേട്ടമുണ്ടാകാനുമില്ല. വെറുതെ രണ്ട് അപകടങ്ങൾ ഉണ്ടായതുമാത്രം മിച്ചം.

കൂനിന്മേൽ കുരു എന്നു പറഞ്ഞതുപോലെയാണ് യാക്കോബായ സഭയുടെ നിലപാട്. തങ്ങൾക്ക് ഉമ്മൻ ചാണ്ടി സർക്കാരിൽ നിന്നു നീതി ലഭിച്ചില്ല എന്നാണ് അവരുടെ പരാതി. ഏറെക്കുറെ ഇതൊക്കെത്തന്നെയാണ് ഓർത്തഡോക്സ് സഭയ്ക്കും പറയാനുള്ളത്. അതുകൊണ്ട് ഇരുപക്ഷവും യു.ഡി.എഫിന് എതിരായി വോട്ടു ചെയ്യുമത്രേ. അനൂപിന്റെ കാര്യം കഷ്ടത്തിലായി എന്നു ചുരുക്കം.

പെന്തക്കോസ്തുകാർ വീടുകളിൽ പ്രാർത്ഥന നടത്തുന്നതിനു മുമ്പ് കളക്ടറുടെ അനുവാദം വാങ്ങണമെന്നു ഹൈക്കോടതി വിധിച്ചു എന്നൊരു വാർത്ത പ്രചരിച്ചത് മത്തൻ അവർകൾക്കു ലോട്ടറിയടിച്ചതുപോലെയായി. പെന്തക്കോസ്തിനെ ഒറ്റിക്കൊടുക്കുന്നവനാണു മത്തനെങ്കിലും പെന്തക്കോസ്തിന്റെ സംരക്ഷകനായി ചമയാൻ ഈ പ്രശ്നം അവസരമൊരുക്കി. കൂട്ടക്ഷര വൈരിയായ ഈ മക്കുണൻ പറഞ്ഞതുകേട്ട് ഇറങ്ങിത്തിരിക്കാൻ കുറെ പെന്തക്കോസ്ത് നേതാക്കൻമാർ തയ്യാറാകുകയും ചെയ്തു. എന്തിനായിരുന്നു ഈ കോലാഹലമെന്നു ചോദിച്ചാൽ ഉത്തരമില്ല. ഇല്ലാത്ത കോടതിയുത്തരവിനെതിരെ പ്രതിഷേധിച്ച് മത്തനും കൂട്ടരും സായൂജ്യമടഞ്ഞു.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞുനില്ക്കുക. ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട് ഒന്നു രണ്ടു വട്ടം ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിവാക്കുക; ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു എന്ന് നിനക്ക് അറിയാമല്ലോ. (തീത്തോ.3:9-11)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിററബിൾ സൊസൈററികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിററബിൾ ട്രസ്റ്റുകൾ, സൊസൈററികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈററിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മററും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9645077483**
**Local Calls from USA & Canada: (972)-213-1404**

# ചെണ്ടകൊട്ടി ഫണ്ടു വിതരണം

'പിണ്ണാക്ക് 2011' വകയിൽ പിരിച്ച പണത്തിൽ നിന്നു മിച്ചമുണ്ടായ തുകയുടെ ഒരു പങ്ക് വിവാഹസഹായം, വൃദ്ധരായ പാസ്റ്റർമാർക്കുള്ള സഹായം തുടങ്ങിയവയ്ക്കായി നീക്കി വച്ചിരുന്നു. ഈ തുക ഫെബ്രുവരി 4ന് വിതരണം നടത്തുകയാണ്. ഈ പരിപാടി സ്വാഗതാർഹം തന്നെ. പക്ഷേ ദാനം കൊടുക്കുന്നതിനു മുമ്പ് ചെണ്ട കൊട്ടിച്ചാലോ? ''മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുവിൻ; അല്ലാതിരുന്നാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല. ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിക്കുവാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതു പോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു'' (മത്താ. 6:1-2) ഇതാണു കർത്താവു പറഞ്ഞത്. പിണ്ണാക്കിന്റെ പണം പൊതുമുതലായതുകൊണ്ട് അതിനു കണക്കുവേണം. സഹായധനം വിതരണം നടത്തിയാൽ അതിനു തെളിവുവേണം. അതുകൊണ്ട് ഒരു ചടങ്ങു നടത്തി സഹായധനം പരസ്യമായി വിതരണം നടത്തുന്നതു തെറ്റല്ല. പക്ഷേ അതിനു മന്ത്രിമാരെയും രക്ഷിക്കപ്പെടാത്ത രാഷ്ട്രീയക്കാരെയും മറ്റും വിളിച്ചുകൂട്ടുന്നതെന്തിന്? പിണ്ണാക്കൻമാർക്കു ഷൈൻ ചെയ്യാൻ. നാണമില്ലാത്തവനൊക്കെ ഇതും ഒരു തണൽ.

# പ്രകൃതിവിരുദ്ധനും കിട്ടി എ.ജിയുടെ ഓർഡിനേഷൻ

കുപ്രസിദ്ധ പ്രകൃതിവിരുദ്ധനായ മത്തായിക്കുട്ടിക്ക് (വേങ്ങൽ) ഇത്തവണ എ.ജിയുടെ ഓർഡിനേഷൻ കിട്ടി. അങ്ങനെ പി.എസ്. ഫിലിപ്പ് ഒരു വോട്ടുകൂടി ഉറപ്പാക്കി. പണ്ട് ബഥേലിൽ പഠിച്ചിരുന്ന കാലത്ത് ഈ നീചനെയും മറ്റു ചിലരെയും പ്രകൃതി വിരുദ്ധ നടപടിക്കു പിടികൂടി കോളേജിൽ നിന്നു പുറത്താക്കിയിരുന്നതാണ്. പക്ഷേ ഇവനെ പിന്നീട് എ.ജിയിൽ തിരിച്ചെടുക്കുകയും പാസ്റ്ററാക്കുകയും ചെയ്തു. ഇപ്പോഴിതാ ഓർഡിനേഷനും നൽകിയിരിക്കുന്നു. പി.എസ്. ഫിലിപ്പ് എന്ന ആത്മീയ ശവത്തിന്റെ കിരീടത്തിൽ ഒരു പെൻതൂവൽ കൂടി. ഇവനൊക്കെ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു!

# ഹൃദയത്തിൽ കിരീടമോ?

ഗുഡ്ന്യൂസ് വീക്കിലിയുടെ ജനുവരി 23 ലക്കത്തിലെ പ്രധാന തലക്കെട്ട് ഇങ്ങനെ: ''ഹൃദയത്തിലുള്ള കിരീടങ്ങളെ ഉടച്ച് ദൈവത്തെ വണങ്ങി നമസ്ക്കരിക്കുന്നതാണ് ആരാധന: പാ. കെ.സി.ജോൺ''. ഒന്നാംതരമായിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ!

വിവരദോഷിയായ കെ.സി.ജോൺ കുമ്പനാട് കൺവൻഷനിൽ എഴുന്നെള്ളിച്ച ഒരു വിഡ്ഢിത്തമാണ് ഗുഡ്ന്യൂസ് തലക്കെട്ടാക്കിയിരിക്കുന്നത്. സിംഹാസനത്തിലിരിക്കുന്ന മൂപ്പൻമാർ (വെളി.4: 10-11) 'തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്റെ മുമ്പിൽ ഇടും' എന്നു മാത്രമേ തിരുവചനം പറയുന്നുള്ളൂ. വെറുതെ ഇട്ടാൽ സംഗതിക്ക് ഗൗരവം പോരാ. അതുകൊണ്ട് കെ.സി.ജോൺ കീരീടങ്ങൾ ഉടച്ചു. പക്ഷേ ഒരു പ്രശ്നം: ഇപ്പോൾ ആർക്കും കിരീടമില്ല അതുകൊണ്ട് ഹൃദയത്തിലെ കിരീടം എന്നാക്കി. സാധനം ഇരിക്കുന്നതു ഹൃദയത്തിലായതുകൊണ്ട് 'അങ്ങനെയൊന്നില്ല' എന്നു പറയാനും പറ്റില്ല. (കിരീടം ഹൃദയത്തിൽ എങ്ങനെയാണാവോ ചൂടുക!) ഈ വിവരക്കേടാണ് ഗുഡ്ന്യൂസ് പ്രധാന തലക്കെട്ടാക്കി അവതരിപ്പിച്ചിരിക്കുന്നത്.

# പുത്രന്റെ പാപങ്ങൾ കഴുകി



ഈ ചിത്രത്തിൽ കാണുന്ന മഹാന്റെ പേര് റവ.ഡോ.ജോയി പി. ഉമ്മൻ. റവ എന്നത് ഏതു പട്ടിക്കും സ്വയം എടുത്തണിയാവുന്ന വിശേഷണമാണ്. ഡോ എന്നത് ഒറിജിനലോ ഡ്യൂപ്ലിക്കേറ്റോ എന്നു നിശ്ചയമില്ല. കക്ഷി ഓവർസിയറാണ്. എന്താണ് ഇയാൾ ഓവർസീ ചെയ്യുന്നത്? ബഥേൽ ഗോസ്പൽ അസംബ്ലി എന്നൊരു സംഘടന ഇയാൾക്കുണ്ട്. അതിന്റെ പ്രവർത്തനങ്ങളാണ് ഓവർസീ ചെയ്യുന്നത്. ആ കഥ അൽപം വിശദമായി പിന്നീടു പറയാം.

ബഥേൽ ഗോസ്പൽ അസംബ്ലി എന്ന ഏടാകൂടത്തിന്റെ ജനറൽ കൺവൻഷൻ ഈയിടെ പത്തനാപുരത്തുവച്ചു നടത്തി. ടൈറ്റസ് പി. ഉമ്മൻ എന്ന വിരുതനായിരുന്നു പ്രസംഗകരിൽ ഒരാൾ. ആരാണു ടൈറ്റസ്? ഓവർസിയറുടെ അരുമ സന്താനം. ഉള്ളതു പറയണമല്ലോ, ടൈറ്റസ് പ്രസംഗം പൊടി പൊടിച്ചു. തന്റെ പാപമെല്ലാം യേശു കഴുകിക്കളഞ്ഞെന്നും അതുകൊണ്ടു താൻ വിശുദ്ധനാണെന്നുമായിരുന്നു പ്രസംഗം. എന്തു പാപമാണ് ഇവൻ ചെയ്തത്? അതറിയാത്തവർ ഈ ഭൂമിമലയാളത്തിലുണ്ടോ? രണ്ടു കെട്ടി. രണ്ടിനെയും ഉപേക്ഷിച്ചു. മൂന്നാമതൊരെണ്ണത്തിനെ കെട്ടാൻ തയ്യാറെടുക്കുന്നു. അതിനിടയിൽ ഡാളസുകാരിയെയും കൊണ്ട് ആറുമാസം വിലസി. ഈ പാപങ്ങളൊക്കെയാണു ടൈറ്റസ് വളരെ പാടുപെട്ടു കഴുകിക്കളഞ്ഞത്.

# മുട്ടത്തിനു കഷ്ടകാലം



'പലനാൾ കള്ളൻ ഒരു നാൾ പിടിപെടും' എന്ന ചൊല്ല് മുട്ടം ഗീവർഗീസിന്റെ കാര്യത്തിൽ അച്ചട്ടായി. മറ്റുള്ളവർ എഴുതിയ പാട്ടുകൾ സ്വന്തം സൃഷ്ടികളാണെന്നു വീമ്പിളക്കി സാധുക്കളെ കബളിപ്പിക്കാൻ തുടങ്ങിയിട്ടു കാലം കുറെ ആയി. ആരും ചോദ്യം ചെയ്യുന്നില്ലെന്നു കണ്ടപ്പോൾ ആവേശം മൂത്തു. അങ്ങനെ ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ച് ഭോഷ്ക്കു പറഞ്ഞു പണമുണ്ടാക്കി. ചവർ ചാനലിന്റെ സഹായം കൂടി ഉണ്ടായപ്പോൾ എല്ലാം തികഞ്ഞു.

ദശാബ്ദങ്ങൾ കൊണ്ടു കെട്ടിപ്പടുത്ത ഈ ഭോഷ്ക്കിന്റെ സൗധമാണ് ഡിഫെൻഡർ ഒരു ലേഖനം കൊണ്ടു തകർത്തത്. ആവശ്യമായ എല്ലാ തെളിവുകളും നിരത്തിയിരുന്നതുകൊണ്ട് മുട്ടത്തിന് ഉത്തരം മുട്ടി. ദൈവം തന്ന ട്യൂൺ എന്നു പറഞ്ഞത് ഹിന്ദി സിനിമയിലെ പാട്ടിന്റെ ട്യൂണാണെന്ന് യൂട്യൂബ് തെളിയിച്ചു. ഇനി എന്തു പറഞ്ഞ് തടിതപ്പും?

ഒരു പാട്ടിന്റെ കാര്യത്തിൽ മാത്രമാണു പ്രശ്നമുണ്ടായതെങ്കിൽ എന്തെങ്കിലുമൊക്കെ പറഞ്ഞു രക്ഷപ്പെടാമായിരുന്നു. പക്ഷേ മുട്ടത്തിന്റെ സൃഷ്ടിയെന്നു പറയപ്പെടുന്ന ഭൂരിപക്ഷം പാട്ടുകളും മറ്റു പലരുടേതുമാണെന്നു തെളിഞ്ഞതുകൊണ്ട് മുട്ടത്തിനു മിണ്ടാട്ടമില്ലാതായി.

# വരുന്നൂ ജേണലിലും

ഗാനമോഷ്ടാക്കളെക്കുറിച്ച് ഡിഫെൻഡർ ഒരു ലേഖനമേ എഴുതിയുള്ളെങ്കിൽ ബിലീവേഴ്സ് ജേണൽ ഇത് ഒരു പരമ്പരയാക്കാനുള്ള പുറപ്പാടിലാണ്. മുട്ടത്തിന്റെ തട്ടിപ്പു മാത്രമല്ല സമാന രീതിയിൽ നടന്നിട്ടുള്ള മറ്റു മോഷണങ്ങളും വെളിച്ചത്തു കൊണ്ടുവരാനാണ് അവരുടെ നീക്കം. ഈ പദ്ധതി തികച്ചും സ്വാഗതാർഹം തന്നെ. ഡിഫെൻഡറിന്റെ പിൻതുണയും സഹകരണവും ഇതിനുണ്ടാകും. മറ്റുള്ളവർ കഷ്ടപ്പെട്ടുണ്ടാക്കിയ പാട്ടുകൾ സ്വന്തം സൃഷ്ടിയെന്ന നിലയിൽ അവതരിപ്പിച്ച് കൈയ്യടി വാങ്ങുകയും ആ വകയിൽ പണമുണ്ടാക്കുകയും ചെയ്യുന്ന നീചൻമാരെ പൊതുജനം തിരിച്ചറിയണം.

# കളരിപ്പയറ്റ്: പുത്രി വഹ

കുവൈറ്റ് ഫെയിം തോമ്മാച്ചന് ഈയിടെ ഒരു മോഹം: പുത്രിയെ കളരിപ്പയറ്റു പഠിപ്പിക്കണം. ആഗ്രഹം അത്ര മോശമാണെന്നു പറയാൻ പറ്റില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഒരു ഉണ്ണിയാർച്ച ഉണ്ടാകുന്നത് എന്തുകൊണ്ടും നല്ലതാണല്ലോ. അങ്ങനെ തോമ്മാച്ചൻ ചേകവർ പുത്രിയെ പയറ്റു പഠിക്കാൻ വിട്ടിരിക്കയാണ്. പക്ഷേ ഇതു സഭയിലുള്ള ചിലർക്കൊക്കെ ഇഷ്ടമായിട്ടില്ല. രഹസ്യമായും ഒട്ടൊക്കെ പരസ്യമായും അവർ പ്രതിഷേധിക്കുന്നുണ്ട്. പ്രതിഷേധം മൂത്ത് വിപ്ലവമാകാനും സഭ പിളരാനും ഇടയുണ്ട്.

കൂനിന്മേൽ കുരു എന്നതുപോലെയാണ് വിളക്കു കത്തിക്കൽ പരിപാടി വിവാദമായത്. പൊതുജനങ്ങളുടെ മുമ്പിൽ ആളുകളിക്കാനായി ഇറങ്ങിത്തിരിച്ച തോമ്മാച്ചൻ ഒരു പൊതുയോഗത്തിൽ നിലവിളക്കു കത്തിക്കാൻ കൂട്ടുനിന്നു. അതും ചില വിശ്വാസികൾക്കു രസിച്ചില്ല. കുവൈറ്റ് കഥ കള്ളക്കഥയാണെന്നു പറഞ്ഞു ജനത്തെ വിശ്വസിപ്പിക്കാൻ സാധിച്ചു. മുഖം വീർത്തത് അടികൊണ്ടല്ല കുവൈറ്റിലെ ഭക്ഷണം കഴിച്ച് വണ്ണം വച്ചതുകൊണ്ടാണെന്നും പറഞ്ഞു. പക്ഷേ നിലവിളക്കു കൊളുത്തിയതും മകളെ ഉണ്ണിയാർച്ചയാക്കുന്നതും കള്ളക്കഥയാണെന്നു പറയാൻ പറ്റുമോ തോമ്മാച്ചാ?





# റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം.
പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# വഴിയോരക്കാഴ്ചകൾ

രോഗസൗഖ്യം നേടുക, കടഭാരം മാറിക്കിട്ടുക, നല്ല ജോലി ലഭിക്കുക തുടങ്ങി ഭൗതികമായ എന്തെങ്കിലുമൊക്കെ നേടിയെടുക്കാനാണ് മിക്കവരും കർത്താവിനെ പിൻപറ്റുന്നത്. ഇത്തരക്കാർ അനുഭവസാക്ഷ്യം പറയുമ്പോഴും ഇത്തരത്തിലുള്ള നേട്ടങ്ങൾ ലഭിച്ചകാര്യമാകും പറയുക. പക്ഷേ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചത് നിത്യജീവൻ പ്രാപിക്കുക എന്ന ഏക ലക്ഷ്യത്തോടെയായിരുന്നു. അതുകൊണ്ട് എന്റെ പ്രാർത്ഥനയിലും സാക്ഷ്യത്തിലും ഭൗതിക വിഷയങ്ങൾ വളരെ അപൂർവ്വമായി മാത്രമേ കടന്നു വന്നിരുന്നുള്ളൂ. ഉള്ളതു കൊണ്ടു തൃപ്തിപ്പെടാൻ ഞാൻ അന്നും ഇന്നും തയ്യാറാണ്. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്പ്പീൻ എന്നു കർത്താവു പറഞ്ഞു, ഞാൻ അത് അനുസരിക്കുന്നു. എങ്കിലും അന്നന്നത്തെ അപ്പത്തിനായി പ്രാർത്ഥിക്കാറുണ്ട്. കർത്താവ് അതു തരാറുമുണ്ട്. അപ്പം പോലെ അത്യാവശ്യമായ മറ്റൊരു സാധനം കർത്താവു തന്ന കഥ പറയാം.

സംഭവം നടന്നിട്ട് 37 വർഷമായി. ഞാൻ വിശ്വാസസ്നാനം സ്വീകരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. 1975ലെ ഒരു മഴക്കാലം. ഞാൻ എല്ലാ യോഗങ്ങളിലും പങ്കെടുക്കും. ഒരു കുട വാങ്ങുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, ഒരു കുടയ്ക്ക് ഏകദേശം 25 രൂപ വിലവരും. അന്ന് നാലു രൂപയാണ് എനിക്കു ദിവസക്കൂലിയായി ലഭിച്ചിരുന്നത്. ഒരു കുട വാങ്ങണമെങ്കിൽ ഒരാഴ്ചത്തെ വരുമാനം മുഴുവൻ വേണം. കുട വാങ്ങിയാൽ വീടു പട്ടിണിയാകും എന്നു ചുരുക്കം. അതുകൊണ്ട് മഴ നനഞ്ഞാണു ഞാൻ മിക്ക ദിവസവും യോഗത്തിനു പോയിരുന്നത്.

ഒരു രാത്രിയിൽ യോഗം കഴിഞ്ഞ് മടങ്ങുമ്പോൾ ശക്തിയായി മഴ പെയ്തു. ഞാൻ ശരിക്കു നനഞ്ഞു, തണുത്തു വിറച്ചു. കൂരിരുട്ടാണ്. വഴി കാണാൻ വയ്യ. എങ്കിലും ഒരു ഊഹം വച്ചു നടന്നു. ഒരു കുട വാങ്ങാതെ പറ്റില്ല. പക്ഷേ പണമെവിടെ? പ്രാർത്ഥിക്കുകയല്ലാതെ പോംവഴിയില്ല. അതുകൊണ്ടു ഞാൻ പ്രാർത്ഥിച്ചു: ''കർത്താവേ, എനിക്ക് ഒരു കുട വാങ്ങാനുള്ള പണം വേണം.'' കിട്ടുമെന്നു പ്രതീക്ഷിച്ചല്ല പ്രാർത്ഥിച്ചത്. അതുകൊണ്ട് ഞാൻ ആ വിഷയം മറന്നു.

ഏതാനും ദിവസം കഴിഞ്ഞ് ഞാൻ ഒരു യോഗത്തിനു പോകുകയാണ്. സമയം സന്ധ്യയോടടുത്തു. ചെറിയതോതിൽ മഴ പെയ്യുന്നുണ്ട്. അതു കാര്യമാക്കാതെ ഞാൻ നടന്നു. വണ്ടൻമേട്ടിലുള്ള സ്ക്കൂളിലെ ഒരു അധ്യാപകനും ഇവാഞ്ചലിക്കൽ സഭയിലെ അംഗവുമായ ജോൺ സാർ എന്റെ മുമ്പിലായി നടക്കുന്നുണ്ടായിരുന്നു. നടന്നുനടന്ന് ഞാൻ അദ്ദേഹത്തോടൊപ്പമെത്തി. വലിയ ഒരു കാലൻകുടയും ചൂടിയാണു സാർ നടക്കുന്നത്. ''എങ്ങോട്ടാ ബാലാ?'' അദ്ദേഹം ചോദിച്ചു. ''ഒരു യോഗത്തിനു പോകുകയാണ്'' എന്നു ഞാൻ മറുപടിയും പറഞ്ഞു. അദ്ദേഹം എന്നെയും കുടക്കീഴിൽ സ്വീകരിച്ചു. അങ്ങനെ ഞങ്ങൾ നടന്നു.

ആരെ കൈയിൽ കിട്ടിയാലും സുവിശേഷം പറയുക എന്നത് അക്കാലത്ത് എന്റെ സ്ഥിരം പരിപാടിയായിരുന്നു. അതുകൊണ്ട് ഞാൻ ജോൺ സാറിനോടും സുവിശേഷം പറഞ്ഞു. ദേശത്തെ ഒരു ചെറുകിട നായർ പ്രമാണിയായ മാധവൻ നായരുടെ അനന്തിരവനായ പത്മനാഭനു സുറിയാനി ക്രിസ്ത്യാനിയായ ജോൺ സാറിനോടു സുവിശേഷം പറയുന്നത്. അതുകൊണ്ടു ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു. ഒടുവിൽ ഞങ്ങൾക്കു പിരിയേണ്ട സ്ഥലമെത്തി. ''പിന്നെ കാണാം'' എന്നു പറഞ്ഞു ഞാൻ മറ്റൊരു കൈവഴിയിലേക്കു തിരിഞ്ഞു. ''നിൽക്ക്'' എന്നായി ജോൺസാർ. ''മഴ പെയ്യുന്നുണ്ടല്ലോ. എങ്ങനെ പോകും?'' അദ്ദേഹം ചോദിച്ചു. മഴ എന്നത് ഗൗരവമുള്ള ഒരു പ്രശ്നമല്ല എന്നു ഞാൻ പറഞ്ഞു. ''കുടയില്ലേ?'' എന്നായി അദ്ദേഹം. ''ഇല്ല'' എന്നു ഞാൻ മറുപടിയും പറഞ്ഞു. ഉടൻ അദ്ദേഹം പേഴ്സിൽ നിന്ന് 25 രൂപ എടുത്ത് എനിക്കു തന്നു: ''ഒരു കുട വാങ്ങിക്കണം. യോഗത്തിനൊക്കെ പോകാനുള്ളതല്ലേ'', ജോൺ സാർ പറഞ്ഞു. ''അയ്യോ, വേണ്ട സാർ'', ഞാൻ പറഞ്ഞു. പക്ഷേ അദ്ദേഹം വിടാൻ തയ്യാറായില്ല. ''ഇതു ദൈവം തരുന്നതാണെന്ന് ഓർത്തു വാങ്ങിക്കൊള്ളൂ'' എന്നായി ജോൺസാർ. ആ വാക്കുകൾ എന്റെ ഹൃദയത്തെ സ്പർശിച്ചു. ഒരു കുട വാങ്ങാൻ പണം തരണം എന്നു ഞാൻ കർത്താവിനോടു പറഞ്ഞിട്ടു രണ്ടോ മൂന്നോ ദിവസമേ ആയിട്ടുള്ളൂ. ഇതാ കർത്താവു പണം തരുന്നു. വാങ്ങാതെ പറ്റില്ല. അങ്ങനെ ഞാൻ ആ പണം വാങ്ങി. ഞാൻ ആദ്യമായി കർത്താവിനോടു പണം ചോദിച്ചു വാങ്ങിയത് ഇങ്ങനെയാണ്. ഇത്തരം നിരവധി സംഭവങ്ങൾ പിൽക്കാലത്തുണ്ടായിട്ടുണ്ട്. അവ പിന്നാലെ പറയാം.

ഈ സംഭവം ഈ ലക്കത്തിൽ പറയാൻ കാരണമുണ്ട്. നാളിതുവരെ ഞാൻ കണ്ടിട്ടുപോലുമില്ലാത്ത ഒരു സ്ത്രീയോടു ഞാൻ പത്തുലക്ഷം രൂപ ചോദിച്ചെന്നാരോപിച്ച് എന്നെ കള്ളക്കേസ്സിൽ കുടുക്കി അറസ്റ്റ് ചെയ്യിച്ചു ജയിലിലാക്കിയിട്ട് ഈ ഫെബ്രുവരി 9ന് ഒരു വർഷം തികയുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുമ്പോൾ ഈയുള്ളവൻ ഒരാളോടു മാത്രമേ പണം ചോദിക്കാറുള്ളൂ: എന്റെ പിതാവിനോട്. അതു ലോകം അറിയേണ്ടത് ദൈവപൈതലെന്ന നിലയിലുള്ള എന്റെ നിലനിൽപ്പിന് ആവശ്യമാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവമക്കൾ അനുഗ്രഹം പ്രാപിച്ചു കഴിഞ്ഞിരിക്കയാണെന്നു ഡിഫെൻഡർ പറയുന്നു. അങ്ങനെയാണെങ്കിൽ ഇനി നാം പ്രാർത്ഥിക്കേണ്ടതില്ലല്ലോ. അപകടകരമായ ഒരു നിലപാടല്ലേ ഇത്?

■ ഡിഫെൻഡർ എന്താണു പറഞ്ഞതെന്നു മനസ്സിലാക്കാത്തതാണു പ്രശ്നത്തിനു കാരണമായിരിക്കുന്നത്. മുൻവിധി കൂടാതെ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുക. ദൈവവചനം എന്തു പറയുന്നു എന്നു മാത്രം നോക്കുക.

1. ഭൗതിക നന്മകളെ 'അനുഗ്രഹം' എന്നു പുതിയനിയമത്തിൽ ഒരിടത്തും വിളിച്ചിട്ടില്ല.
2. സ്വർഗ്ഗീയ (ആത്മീയ) അനുഗ്രഹങ്ങൾ മാത്രമാണ് പുതിയനിയമ വിശ്വാസിക്ക് അനുഗ്രഹം.
3. ''സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന'' ദൈവത്തെയാണു നാം പുതിയനിയമത്തിൽ കാണുന്നത്. (എഫേ.1:3)
4. രക്ഷിക്കപ്പെടാത്തവരെല്ലാം പാപികളാണ്. പാപികളെല്ലാം ശപിക്കപ്പെട്ടവരാണ്. അവരിൽ അനുഗ്രഹം അശ്ശേഷമില്ല. പണം, ആരോഗ്യം, ദീർഘായുസ്സ് തുടങ്ങിയവയൊന്നും അനുഗ്രഹത്തിന്റെ ലക്ഷണങ്ങളുമല്ല.
5. ഒരു പാപി രക്ഷിക്കപ്പെടുന്ന (വീണ്ടും ജനിക്കുന്ന) നിമിഷം അവനിലെ സകല ശാപവും മാറിപ്പോകും. 'ശാപം പൊട്ടിക്കൽ ശുശ്രൂഷ' എന്നൊന്ന് തിരുവചനത്തിലില്ല.
6. രക്ഷിക്കപ്പെട്ടവരെല്ലാം അനുഗ്രഹിക്കപ്പെട്ടവരാണ്, അനുഗ്രഹപൂർണ്ണരാണ്. അതുകൊണ്ടു പുതിയ അനുഗ്രഹങ്ങളൊന്നും പ്രാപിക്കാൻ കഴിയുന്നതല്ല. രോഗം, പട്ടിണി, അപകടം, അപമൃത്യു തുടങ്ങിയതൊന്നും ശാപത്തിന്റെ ലക്ഷണങ്ങളല്ല.
7. ഭൗതിക നന്മകൾ ഉണ്ടോ ഇല്ലയോ എന്നത് അനുഗ്രഹത്തിന്റെയോ ശാപത്തിന്റെയോ ലക്ഷണമല്ല. രക്ഷിക്കപ്പെടാത്ത കോടീശ്വരൻമാരുമുണ്ട്, ലാസറിനെപ്പോലുള്ള അനുഗ്രഹിക്കപ്പെട്ടവരുമുണ്ട്.
8. ഭൗതിക നന്മകൾ ഉണ്ടാകാനായി പ്രാർത്ഥിക്കേണ്ടതില്ല. അന്നന്നത്തെ അപ്പത്തിനായി പ്രാർത്ഥിക്കാൻ മാത്രമേ കർത്താവായ യേശുക്രിസ്തു പഠിപ്പിച്ചുള്ളൂ. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്പ്പീൻ എന്ന് ഉപദേശിക്കുകയും ചെയ്തു.
9. രക്ഷിക്കപ്പെട്ട ദൈവമക്കൾ സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളും പ്രാപിച്ചു കഴിഞ്ഞിരിക്കയാണ്. എന്നാൽ കൃപ, കൃപാവരം തുടങ്ങിയവ ഒരേയളവിലല്ല പ്രാപിക്കുന്നത്. താൻ മറ്റുള്ളവരെക്കാളധികം കൃപ പ്രാപിച്ചു എന്നു പൗലോസ് പറയുന്നതു ശ്രദ്ധിക്കുക. കൃപ പെരുകുന്നതിനെക്കുറിച്ചു പൗലോസ് പലവട്ടം പറയുന്നുമുണ്ടല്ലോ. അതുപോലെ കൃപാവരങ്ങൾക്കായി വാഞ്ഛിക്കാൻ പൗലോസ് ഉപദേശിക്കുന്നു. പ്രവചനവരത്തിനായി വാഞ്ഛിക്കാം. വിവിധ ഭാഷകളുടെ വരമുള്ളവൻ വ്യാഖ്യാനവരം ലഭിക്കാനായി പ്രാർത്ഥിക്കണം.
10. തന്റെ ശാപം പൊട്ടാനോ അനുഗ്രഹം ലഭിക്കാനോ വിശ്വാസി പ്രാർത്ഥിക്കേണ്ടതില്ല, പ്രാർത്ഥിപ്പിക്കേണ്ടതുമില്ല. കാരണം, ഇവ രണ്ടും നടന്നുകഴിഞ്ഞു. മറ്റ് ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നതു തെറ്റല്ല. പക്ഷേ ആവശ്യവും അത്യാഗ്രഹവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയിരിക്കണം എന്നുമാത്രം.
11. അനുഗ്രഹിക്കപ്പെട്ട സഭായോഗം, അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ തുടങ്ങിയ ആശയങ്ങളൊന്നും പുതിയനിയമത്തിലില്ല. ആത്മീയമായതെല്ലാം അനുഗ്രഹിക്കപ്പെട്ടതാണ്.
12. 'ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്നു രക്ഷിക്കപ്പെട്ടവനോടു പറയേണ്ട കാര്യമില്ല. കാരണം, രക്ഷിക്കപ്പെട്ടവൻ അനുഗ്രഹിക്കപ്പെട്ടവനാണ്. രക്ഷിക്കപ്പെടാത്തവനോട് 'ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്നു പറയുന്നതിൽ അർത്ഥമില്ല. കാരണം, രക്ഷിക്കപ്പെടാതെ ആർക്കും അനുഗ്രഹിക്കപ്പെട്ടവനാകാൻ കഴിയുന്നതല്ല.
13. രക്ഷിക്കപ്പെട്ടവൻ പാപം ചെയ്താൽ ശപിക്കപ്പെട്ടവനാകുകയില്ല. എങ്കിലും രക്ഷിക്കപ്പെട്ടവൻ തെറ്റു ചെയ്താൽ തെറ്റ് ഏറ്റുപറഞ്ഞു ക്രമീകരണം പ്രാപിക്കുകയോ ബാലശിക്ഷ പ്രാപിക്കുകയോ ചെയ്യേണ്ടതാണ്. അപ്പനും മകനും തമ്മിലുള്ള ഇടപാടാണത്. ബാലശിക്ഷ എന്ന ഗ്രൂപ്പിൽ രോഗം, ബലഹീനത തുടങ്ങിയവ മാത്രമല്ല മരണം വരെ ഉണ്ടാകാം. (1കൊരി.11:30-32). എങ്കിലും ഇതു ശാപമല്ല, പിതാവു നൽകുന്ന ബാലശിക്ഷയാണ്.
14. രക്ഷിക്കപ്പെട്ടവനെ ദൈവം കൈവിടുകയില്ല. ദൈവത്തിന്റെ കൈയിൽ നിന്നു തട്ടിപ്പറിക്കുവാൻ സാത്താനു കഴിയുന്നതുമല്ല. പക്ഷേ ദൈവമക്കൾക്ക് സ്വന്തം ഇഷ്ടപ്രകാരം ദൈവത്തെ വിട്ടുപോകുവാൻ കഴിയും. ഇപ്രകാരം ദൈവത്തെ വിട്ടുപോകുന്നവർ ദൈവമക്കളല്ലാതാകും, ശപിക്കപ്പെട്ടവരാകും. രക്ഷിക്കപ്പെടാത്ത പാപികൾക്കു ലഭിക്കുന്നതിലും കഠിനമായ ശിക്ഷയാണ് പിൻമാറ്റക്കാരായ ഇത്തരക്കാരെ കാത്തിരിക്കുന്നത്.

അനുഗ്രഹം, ശാപം എന്നീ വിഷയങ്ങളെക്കുറിച്ചു സംശയം തോന്നുമ്പോൾ പുതിയനിയമം എന്തു പറയുന്നു എന്നു പരിശോധിക്കുക. പുതിയനിയമത്തിൽ അടിസ്ഥാനമില്ലാത്തതൊന്നും വിശ്വസിക്കരുത്. എത്ര വലിയ അദ്ഭുതവീരൻ പറഞ്ഞാലും പുതിയനിയമം മാത്രമായിരിക്കണം നമ്മുടെ അടിസ്ഥാനം.

# അടിസ്ഥാന വേദോപദേശങ്ങൾ

'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

വില - ഒരു കോപ്പി - 30 രൂപ
(പോസ്റ്റേജ് - 20 രൂപ)
കൂടുതൽ വിവരങ്ങൾ അഞ്ചാം പേജിൽ വായിക്കുക.
**Phone: 0484-3232356.**

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. പത്തു ലക്ഷത്തിലധികം രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മോർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല.

പത്തു സി.ഡികളിലുള്ള ഈ പുസ്തകങ്ങൾ മുഴുവൻ ഒരു യു.എസ്.ബി. ഡ്രൈവിൽ ആക്കിയിട്ടുണ്ട്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഈ പുസ്തകങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചു മാത്രമേ വായിക്കാൻ കഴിയൂ. അതുകൊണ്ട് യു.എസ്.ബി വാങ്ങുന്നതാണു നല്ലത്. സി.ഡിക്കും യു.എസ്.ബിക്കും ഇന്ത്യയിൽ വിലവ്യത്യാസവുമില്ല. മാത്രമല്ല, സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നതുമല്ല.

വില: ഇന്ത്യയിൽ - 900 രൂപ.
വിദേശം: 50 ഡോളർ
പോസ്റ്റേജ് സൗജന്യം.
(വിലാസം 6-ാം പേജിൽ)
ഗൾഫിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

മനുഷ്യരെ ദൈവത്തിൽ നിന്ന് അകറ്റുവാൻ സാത്താൻ പ്രയോഗിക്കുന്ന തന്ത്രങ്ങളെക്കുറിച്ചാണ് നാം പഠിച്ചുകൊണ്ടിരുന്നത്. ആത്മീയതയില്ലായ്മയിലൂടെയാണു സാത്താൻ ചിലരെ തെറ്റിക്കുന്നതെങ്കിൽ അമിതാത്മീയതയിലൂടെയാണു മറ്റു ചിലരെ തെറ്റിക്കുന്നത്. അമിതാത്മീയതയുമായി നടക്കുന്നവർ കൾട്ടുകളുടെ കുരുക്കിൽ വീഴാനുള്ള സാധ്യത ഏറെയാണ്. നന്നായി പ്രസംഗിക്കാനുള്ള കഴിവ്, രോഗശാന്തി പോലുള്ള കൃപാവരങ്ങൾ പ്രാപിച്ച വ്യക്തി എന്ന നിലയ്ക്കു ലഭിക്കുന്ന പ്രശസ്തി തുടങ്ങിയവയിലൂടെ കൾട്ട് ഫിഗറുകളായി വളരുന്നവർ മുതൽ കൊടിയ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നവർ വരെയുള്ളവർ ഉൾപ്പെടുന്നതാണ് കൾട്ടുകളുടെ ലോകം. മനുഷ്യരെ വഴി തെറ്റിക്കുന്നതിൽ കൾട്ടുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എങ്കിലും ദൈവമക്കൾ ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കാറില്ല എന്നത് ഒരു ദു:ഖ സത്യമായി അവശേഷിക്കുന്നു.

എന്താണു കൾട്ട്? ഒരു വ്യക്തിയോടോ ആശയത്തോടോ ഉള്ള അതിരുകടന്ന ഭക്തിയാണ് കൾട്ട് എന്നു സാമാന്യമായി പറയാം. കൾട്ടുകളുടെ പിന്നിൽ സാത്താനാണു പ്രവർത്തിക്കുന്നതെന്നു വിശേഷിച്ചു പറയേണ്ടതില്ല. കൾട്ടുകളെ പ്രധാനമായി ക്രിസ്ത്യൻ കൾട്ട്, ഇതര കൾട്ടുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. ക്രിസ്തീയ വിശ്വാസവുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുള്ളതോ ബന്ധുണ്ടെന്ന് അവകാശപ്പെടുകയെങ്കിലും ചെയ്യുന്നതോ ആയ കൾട്ടുകളെ ക്രിത്യൻ കൾട്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താം. യഹോവാ സാക്ഷികൾ, ശാബതുകാർ, മോർമോൺ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയവ ഉദാഹരണം. മനുഷ്യദൈവങ്ങളുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനങ്ങൾ, ചില തീവ്രവാദി സംഘടനകൾ തുടങ്ങി പല രൂപത്തിലും ഭാവത്തിലുമുള്ള കൾട്ടുകളുണ്ട്. എങ്കിലും ഇവയ്ക്കെല്ലാം പൊതുവായ ചില ലക്ഷണങ്ങളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്:

1. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം ഒരു കൾട്ടിന് അത്യന്താപേക്ഷിതാണ്. ഈ നേതാവ് കൾട്ടിന്റെ സ്ഥാപകനോ സ്ഥാപകന്റെ പിൻഗാമിയോ ആയിരിക്കും. നേതാവിനെ ചോദ്യം ചെയ്യുന്നവൻ കൾട്ടിൽ നിന്നു പുറത്താകും. സായിബാബയെപ്പോലുള്ളവർ ഇത്തരത്തിലുള്ളവരാണ്. ഈ.ജി.വൈറ്റ് (ശാബത്), റസ്സൽ (യഹോവാസാക്ഷികൾ), ജോസഫ് സ്മിത്ത് (മൊർമോൺ), ഡോ.ജോൺ തോമസ് (ക്രിസ്റ്റാഡെൽഫിയൻ), തങ്കു (സ്വർഗ്ഗീയവിരുന്ന്) തുടങ്ങിയവരും മേല്പടി തന്നെ.

2. നേതാവു പറയുന്നതെല്ലാം വേദവാക്യമായി സ്വീകരിക്കുക എന്നത് ഏതൊരു കൾട്ടിനും ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. ഈ.ജി.വൈറ്റ്, റസ്സൽ, ജോസഫ് സ്മിത്ത്, ഡോ.ജോൺ തോമസ്, തങ്കു തുടങ്ങിയവരുടെ പഠിപ്പിക്കലുകളിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് ഇവരുടെ അനുയായികൾ സമ്മതിച്ചുതരുമോ?

3. രഹസ്യസ്വഭാവം എല്ലാവിധ കൾട്ടുകൾക്കും പൊതുവായുള്ള ലക്ഷണമാണ്. പൊതുജനങ്ങളോ സാധാരണക്കാരായ അനുയായികളോ കൾട്ടിനെക്കുറിച്ച് ഒരളവിലധികം അറിയുകയില്ല. ഏറ്റവും അകത്തുള്ളവർ മാത്രമേ രഹസ്യങ്ങൾ മനസ്സിലാക്കൂ.

4. ഇരട്ടമുഖമുള്ളവയാണു കൾട്ടുകൾ. പുറത്തു കാണുന്ന മുഖം വളരെ മനോഹരമായിരിക്കും. പക്ഷേ പൊതുജനം കാണാത്ത മറ്റൊരു മുഖമുണ്ട്. അതു ഭീകരമായിരിക്കും. ഈ രഹസ്യമുഖമാണ് യഥാർത്ഥ മുഖം.

5. എല്ലാ കൾട്ടുകളും ആത്യന്തികമായി ഗുണ്ടാസംഘങ്ങളാണ്. കാര്യസാധ്യത്തിനായി എന്തു ഹീനകൃത്യവും അവർ ചെയ്യും.

ഈ പറഞ്ഞതൊക്കെ എല്ലാ കൾട്ടുകൾക്കും പൊതുവായ ലക്ഷണങ്ങളാണ്. എന്നാൽ ക്രിസ്ത്യൻ കൾട്ടുകൾക്ക് ഇവയോടൊപ്പം മറ്റു ചില ലക്ഷണങ്ങൾ കൂടി കണ്ടുവരുന്നു:

1. ത്രിത്വനിഷേധം.

ഭൂരിപക്ഷം ക്രിസ്ത്യൻ കൾട്ടുകളും ത്രിത്വത്തിൽ വിശ്വസിക്കുന്നില്ല. യഹോവാസാക്ഷികൾ, ക്രിസ്ത്യൻ സയൻസ്, ക്രിസ്റ്റാഡെൽഫിയൻസ് തുടങ്ങിയവ ഉദാഹരണം.

2. മറ്റൊരു ക്രിസ്തു.

ക്രിസ്ത്യൻ കൾട്ടുകളിൽ ക്രിസ്തു ഉണ്ടായിരിക്കുമെങ്കിലും അതു ത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തു ആയിരിക്കില്ല. യഹോവാ സാക്ഷികളുടെ ക്രിസ്തു മിഖായേലായിരുന്നു. പിന്നീടു മനുഷ്യനായി. മരിച്ചപ്പോൾ ഇല്ലാതായി. ഇപ്പോൾ ഒരു കുട്ടിദൈവമായി വിലസുന്നു. ശാബതുകാരുടെ ക്രിസ്തുവിന് മിഖായേലെന്നും പേരുണ്ട്. തങ്കുവിന്റെ ക്രിസ്തു സാത്താന്റെ മുമ്പിൽ തോറ്റു നിലവിളിച്ചവനാണ്.

3. മറ്റൊരു സുവിശേഷം.

ക്രിസ്ത്യൻ കൾട്ടുകളെല്ലാം സുവിശേഷത്തിൽ വിശ്വസിക്കുകയും അതു പ്രചരിപ്പിക്കുകയും ചെയ്യുമെങ്കിലും ഇവരുടെ സുവിശേഷം മറ്റൊരു സുവിശേഷമായിരിക്കും. യേശുവിലുള്ള വിശ്വാസത്താൽ പാപമോചനം പ്രാപിക്കാമെന്നും നിത്യജീവൻ പ്രാപിക്കാമെന്നും അവർ പഠിപ്പിക്കുകയില്ല. എന്തെങ്കിലുമൊക്കെ ചെയ്ത് രക്ഷ പ്രാപിക്കുന്ന സുവിശേഷമാണ് ഇവരുടേത്. ഉദാഹരണത്തിന് ശാബതുകാർക്കു രക്ഷിക്കപ്പെടാൻ ശാബത് ആചരിക്കണം.

4. പുതിയ വ്യാഖ്യാനം.

ദൈവവചനത്തിനു പുതിയ വ്യാഖ്യാനം നൽകിയാണ് എല്ലാ ക്രിസ്ത്യൻ കൾട്ടുകളും നിലനിൽക്കുന്നത്. ദുർവ്യാഖ്യാനമില്ലെങ്കിൽ കൾട്ടുമില്ല. തങ്കു പ്രസംഗിക്കുന്ന ദരുപദേശങ്ങൾ തന്നെ നല്ല ഉദാഹരണം.

5. തിരുവചനനിഷേധം

എല്ലാ ക്രിസ്ത്യൻ കൾട്ടുകളും ബൈബിളിൽ വിശ്വസിക്കുന്നതായി അവകാശപ്പെടുമെങ്കിലും തങ്ങൾക്കു യോജിക്കാനാവാത്ത വേദഭാഗങ്ങൾ കണ്ടില്ലെന്നു നടിക്കുകയോ വ്യാഖ്യാനിച്ച് വളച്ചൊടിക്കുകയോ ചെയ്യും. ദൈവവചനം അതേപടി അംഗീകരിച്ചുകൊണ്ട് ഒരു കൾട്ടിനും നിലനിൽക്കാൻ പറ്റില്ല.

6. പുതിയ വെളിപ്പാട്.

ക്രിസ്ത്യൻ കൾട്ടുകളുടെ ഉദ്ഭവം പുതിയ വെളിപ്പാടിൽ നിന്നായിരിക്കും. ഈ വെളിപ്പാട് അതീന്ദ്രിയമായി ലഭിച്ചതാകാം, ബൈബിളിൽ നിന്നു ലഭിച്ചതായി അവകാശപ്പെടുന്നതുമാകാം. രണ്ടിൽ ഏതായാലും പുതിയ വെളിപ്പാട് കൾട്ടിന്റെ ഉദ്ഭവത്തിന് ആവശ്യമാണ്. ജോസഫ് സ്മിത്തിനു ലഭിച്ച വെളിപ്പാടാണ് മൊർമോൺ പുസ്തകത്തിനും സഭയ്ക്കും അടിത്തറ പാകിയത്. ഈ.ജി.വൈറ്റിന്റെ വെളിപ്പാടില്ലെങ്കിൽ ശാബത് സഭയില്ല. തങ്കു കണ്ട വെളിപ്പാടുകൾ വ്യാജമാണെന്നു തെളിഞ്ഞാൽ സ്വർഗ്ഗീയവിരുന്ന് ഇല്ലാതാകും.

7. തങ്ങളുടേതു മാത്രമാണു ദൈവസഭ എന്ന അവകാശവാദം ക്രിസ്ത്യൻ കൾട്ടുകളുടെ പ്രധാന ലക്ഷണമാണ്. തങ്ങളുടെ കൾട്ടിൽ അംഗമായില്ലെങ്കിൽ നിത്യരക്ഷ പ്രാപിക്കാൻ കഴിയുന്നതല്ല എന്ന് അവർ പഠിപ്പിക്കും. സെവന്ത് ഡേ അഡ്വറ്റിസ്റ്റ് സഭയാണു ദൈവസഭ എന്നു ശാബതുകാർ പഠിപ്പിക്കുന്നു. യഹോവാസാക്ഷികളാണു സാക്ഷാൽ ദൈവസഭ എന്നാണ് ആ കൾട്ടിന്റെ നിലപാട്. ഭൂമിയിലുള്ള എല്ലാ സഭകളും കിഴവിമാരാണെന്നും സ്വർഗ്ഗീയ വിരുന്നു മാത്രമാണ് ദൈവവചനപ്രകാരമുള്ള സഭയെന്നും തങ്കു പഠിപ്പിക്കുന്നു. തങ്ങളുടെ സഭ ലോകമെങ്ങും വ്യാപിക്കുന്ന നാൾ ഇവർ സ്വപ്നം കാണുന്നു.

ഈ പറഞ്ഞതൊന്നുമല്ല സത്യമെന്നു ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ളവർക്കറിയാം. ദൈവവചനമായ ബൈബിൾ ദൈവനിശ്വാസീയമാണ്. മനുഷ്യരക്ഷക്ക് ആവശ്യമായതെല്ലാം ബൈബിളിലുണ്ട്. പുതിയ വെളിപ്പാടുകൾ ആവശ്യമില്ല. കൃപയാൽ വിശ്വാസം മൂലമാണു രക്ഷ പ്രാപിക്കുന്നത്. അതിനു പ്രവൃത്തികൾ കാരണമല്ല. രക്ഷ പ്രാപിക്കുവാൻ ഒരു സഭയിലും അംഗമാകേണ്ടതില്ല.

രക്ഷിക്കപ്പെട്ടവരുടെ പ്രാദേശിക കൂട്ടായ്മയാണു സ്ഥലം സഭ. ലോകമെമ്പാടുമുള്ള ദൈവമക്കളുടെ കൂട്ടമാണ് സാർവ്വത്രിക സഭ. അത് ഈ ലോകത്തുള്ള ഒരു സംഘടനയുമല്ല. എഫേ.4:11ൽ പറയുന്ന അഞ്ചുതരം ശുശ്രൂഷകൻമാരാണ് ദൈവസഭയിലെ ശുശ്രൂഷകർ. ഒരു ശുശ്രൂഷകനും തെറ്റാവരമില്ല. എത്ര വലിയ ശുശ്രൂഷകൻ പറഞ്ഞാലും വചനവിരുദ്ധമായ ഉപദേശങ്ങൾ അംഗീകരിക്കേണ്ടതില്ല. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം എന്നൊന്ന് ദൈവസഭയിലില്ല.

തങ്ങളുടെ പ്രസ്ഥാനം മാത്രമാണു ദൈവസഭ എന്ന പഠിപ്പിക്കൽ വചനവിരുദ്ധമാണ്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണു ദൈവസഭ. വീണ്ടും ജനനം പ്രാപിച്ച എല്ലാ ദൈവമക്കളും ദൈവസഭയിലെ അംഗങ്ങളാണ്. വീണ്ടും ജനനത്തിന്റെ ഉപദേശമില്ലാത്ത സഭ ദൈവസഭയല്ല.

ഐ.പി.സി., ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ പ്രസ്ഥാനങ്ങളെല്ലാം മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. ഈ സംഘടനകളുടെ നേതാവായതുകൊണ്ടു മാത്രം ആരും ദൈവദാസനാകുന്നില്ല. ഇത്തരം സംഘടനകളിൽ അംഗമായതുകൊണ്ടു നിത്യജീവൻ പ്രാപിക്കണമെന്നില്ല. രക്ഷിക്കപ്പെടുക, പുതിയ സൃഷ്ടിയാകുക, നിത്യജീവൻ പ്രാപിക്കുവാൻ ഇതു മാത്രം മതിയാകും.

കൾട്ടുകളായി നാം പരിഗണിക്കുന്ന യഹോവാ സാക്ഷികൾ, ശാബതുകാർ, ക്രിസ്റ്റാഡെൽഫിയൻസ് തുടങ്ങിയവയെ തിരിച്ചറിയാനും ഒഴിവാക്കാനും നമുക്കു കഴിയാറുണ്ട്. പക്ഷേ സുവിശേഷവിഹിത സഭകളിൽ മുളച്ചു പൊന്തുന്ന സെമി കൾട്ടുകളും ദുരുപദേശങ്ങളും നിരവധി സാധുക്കളെ കുരുക്കിലാക്കുന്നുണ്ട്. കൂടാതെ, ന്യൂ ജനറേഷൻ സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടങ്ങളും അപകടകാരികളാണ്. എങ്കിലും ഇവയുമായി ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാർക്കും ബന്ധമുണ്ട്. ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ നടത്തുന്ന പവ്വർ വിഷൻ ഈ ദുരുപദേശ സംഘങ്ങളുടെ വിഹാരകേന്ദ്രമാണ്. ശാബതുകാർക്കുപോലും പവ്വർ വിഷനിൽ പരിപാടികൾ അവതരിപ്പിക്കാൻ കഴിഞ്ഞു. ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന മാത്യൂസ് വർഗീസ് നിരവധി എപ്പിസോഡുകൾ നീളുന്ന ക്വിസ് പ്രോഗ്രാം പവ്വർ വിഷനിൽ അവതരിപ്പിക്കുകയുണ്ടായി. ഇതുമൂലം വഴിതെറ്റിയവർ നിരവധി.

ദൈവത്തിനായി പ്രയോജനപ്പെട്ടിരുന്ന ദൈവദാസൻമാർ സെമി കൾട്ടുകളുടെ നേതാക്കൻമാരായി മാറിയ സംഭവങ്ങളുമുണ്ട്. ഇവരിൽ ചിലർ ഇപ്പോൾ മനുഷ്യദൈവങ്ങളായിക്കഴിഞ്ഞു. എം.എ. വർഗീസ്, പോൾ ഗോപാലകൃഷ്ണൻ, പി.ആർ.ബേബി തുടങ്ങിയവർ ഉദാഹരണം. ഇത്തരക്കാരെ നാം ഒഴിവാക്കണം.

## 'അദ്ഭുതജീവികൾ' പുസ്തകരൂപത്തിൽ

''അദൃശ്യലോകത്തെ അദ്ഭുതജീവികൾ'' എന്ന പേരിൽ പ്രസിദ്ധീകരിച്ചു വരുന്ന ഈ ലേഖനങ്ങൾ സമാഹരിച്ച് പുസ്തകമാക്കാനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചു കഴിഞ്ഞു. കഴിയുന്നത്ര വേഗം ഈ പുസ്തകം പ്രസിദ്ധീകരിക്കാനാണ് ആഗ്രഹിക്കുന്നത്. ആത്മലോകത്തെക്കുറിച്ചു സാധാരണക്കാർക്ക് അറിവു നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പുസ്തകം തയ്യാറാക്കുന്നത്. വിശദ വിവരങ്ങൾ പിന്നാലെ.

### 'മരിച്ചവർ എവിടെ' പുന:പ്രസിദ്ധീകരിക്കും

'മരിച്ചവർ എവിടെ' എന്ന പുസ്തകം വിറ്റു തീർന്നിട്ട് ആഴ്ചകൾ പലതായി. നാളിതുവരെ 10,000 കോപ്പികൾ ചെലവായി. എന്നിലും ആവശ്യക്കാരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. അതുകൊണ്ട് ഈ പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കാതെ പറ്റില്ല. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഈ രണ്ടു പുസ്തകങ്ങളും പ്രസിദ്ധീകരിക്കാൻ ഭാരിച്ച പണച്ചെലവുണ്ടാകും. എങ്കിലും ദൈവമക്കളുടെ സഹായസഹകരണങ്ങളുണ്ടെങ്കിൽ വലിയ ബുദ്ധിമുട്ടു കൂടാതെ ഈ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിയും. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുത്ത് രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

## ഈ ലക്കത്തിലെ പുസ്തകം




ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന പുസ്തകങ്ങളാണ് 'ഈ ലക്കത്തി ലെ പുസ്തകം' എന്ന പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. എന്നാൽ പുസ്തകം പരിചയപ്പെടുത്തുക മാത്രമല്ല പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ വായനക്കാർക്കു തികച്ചും സൗജന്യമായി ഇന്റർനെറ്റിൽ നിന്നു ഡൗൺ ലോഡ് ചെയ്യാൻ അവസരം ഒരുക്കുക കൂടി ചെയ്യുന്നു എന്നതാണ് ഈ പംക്തിയുടെ പ്രത്യേകത. **Edwin Arnold** എഴുതിയ **The Light of Asia** എന്ന സുപ്രസിദ്ധ ഗ്രന്ഥമാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. ബുദ്ധന്റെ ജീവചരിത്രമാണിത്. ഗ്രന്ഥകർത്താവിനെ ലോകപ്രസിദ്ധനാക്കിയത് ഈ ഗ്രന്ഥമാണെന്നു പറയാം. ഈ പുസ്തകം താഴെക്കാണുന്ന ലിങ്കിൽ, **PDF** ഫോർമാറ്റിൽ ലഭ്യമാണ്.

**http://www.tsbalan.com/downloads.html**

# ചർച്ച് ഓഫ് ഗോഡിൽ നടന്നതെന്ത്?

“പശുവും ചത്തു മോരിലെ പുളിയും പോയി” എന്നു പറഞ്ഞതുപോലെയാണ് ചർച്ച് ഓഫ് ഗോഡിലെ കാര്യങ്ങളിപ്പോൾ. എങ്കിലും കഴിഞ്ഞ ചില ആഴ്ചകളായി നടന്നുവന്ന പേക്കൂത്തുകളെക്കുറിച്ച് എഴുതാതിരിക്കാൻ കഴിയുന്നതല്ല.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ചർച്ച് ഓഫ് ഗോഡ് എന്ന സംഘടനയിലെ അംഗമല്ല. എങ്കിലും എല്ലാ പെന്തക്കോസ്ത് സഭകളെയും ഒന്നായി കാണുന്ന വ്യക്തി എന്ന നിലയ്ക്കാണ് ഞാൻ ഇതൊക്കെ എഴുതുന്നത്. ഞാൻ ആരുടെയും പക്ഷത്തല്ല. ആർക്കും എതിരുമല്ല. ലഭിച്ച വിവരം വച്ച് ഒരു വിലയിരുത്തൽ നടത്തുക മാത്രമാണു ചെയ്യുന്നത്.

പെന്തക്കോസ്ത് സംഘടനകളിൽ ഏറ്റവും അധികം പൊളിറ്റിക്സ് ഉള്ളത് ഐ.പി.സിയിലാണ്. എ.ജിയും ചർച്ച് ഓഫ് ഗോഡും തൊട്ടു പിന്നിലുണ്ട്. ഓവർസിയറുമായി ബന്ധപ്പെട്ടാണു ചർച്ച് ഓഫ് ഗോഡിൽ സാധാരണയായി രാഷ്ട്രീയക്കളികൾ ഉണ്ടാകുക. പക്ഷേ നിലവിലുള്ള ഓവർസിയർ ഒരു ടേം (രണ്ടു വർഷം) കൂടി തുടരാൻ ഏതാനും മാസം മുമ്പ് കൗൺസിൽ തീരുമാനിച്ചിരുന്നു. അതുകൊണ്ട് ഓവർസിയർ തെരഞ്ഞെടുപ്പും അനുബന്ധ പ്രശ്നങ്ങളും ഉണ്ടാകുകയില്ല എന്നു ഞാൻ കരുതിയിരുന്നു. ബാക്കിയുള്ളത് കൗൺസിൽ തെരഞ്ഞെടുപ്പാണ്. ഓർഡിനേഷനുള്ള പാസ്റ്റർമാർക്കു മാത്രമാണു സ്ഥാനാർത്ഥികളാകാൻ കഴിയുക. അതുകൊണ്ട് വലിയ പ്രശ്നങ്ങൾ കൂടാതെ ഇലക്ഷൻ നടക്കുമെന്നു കരുതിയിരുന്നു. അത് അങ്ങനെതന്നെ നടക്കുകയും ചെയ്തു. അതോടെ അടുത്ത രണ്ടു വർഷത്തേക്ക് ചർച്ച് ഓഫ് ഗോഡ് ശാന്തമായിരിക്കും എന്നാണു ഞാൻ കരുതിയത്. പക്ഷേ അതല്ല നടന്നത്.

ചർച്ച് ഓഫ് ഗോഡിൽ വലിയ അഴിമതി നടക്കുന്നെന്നും പാസ്റ്റർ എം.കുഞ്ഞപ്പിയാണ് ഇതിന്റെ പിന്നിലെന്നും ആരോപിച്ചുകൊണ്ട് ഒരു വാർത്ത ചില ദിനപ്പത്രങ്ങളിൽ വന്നു. ആരോപണങ്ങൾക്കു വിശദമായ മറുപടി നൽകിക്കൊണ്ട് ഒരു വിശദീകരണക്കത്തും പിന്നാലെ ലഭിച്ചു. ഇവ രണ്ടും കൂടി ഞാൻ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചു. പിന്നീട് അതിനുള്ള മറുപടിയും എനിക്കു ലഭിച്ചു. സ്ഥലപരിമിതിമൂലം ആ കത്തു പ്രസിദ്ധീകരിക്കുന്നില്ല. എങ്കിലും പ്രധാന ആശയങ്ങൾ മാത്രം ചുരുക്കി പറയാം:

1. നോയൽ ശാമുവൽ തിരുവനന്തപുരം പട്ടം സഭയിലെ അംഗമായിരുന്നു. ഇപ്പോൾ സ്ഥലംമാറ്റം വാങ്ങി റാന്നി പഴവങ്ങാടി സഭയിൽ ആരാധിക്കുന്നു. ഇദ്ദേഹത്തെ സഭയിൽ നിന്നു പുറത്താക്കിയിട്ടില്ല.
2. ശോഭനദാസ് തിരുവനന്തപുരം നിലമാമൂട് സഭയിലെ അംഗവും നെയ്യാറ്റിൻകര ഡിസ്ട്രിക്ട് സെക്രട്ടറിയുമാണ്. ഇദ്ദേഹത്തെ സഭയിൽ നിന്നു പുറത്താക്കിയതായി അറിയിപ്പു ലഭിച്ചിട്ടില്ല.
3. പാസ്റ്റർ ഷെർവിൻ നെയ്യാറ്റിൻകര ചെറിയകൊല്ല സഭയുടെ പാസ്റ്ററാണ്, സഭാംഗവുമാണ്.
4. പാസ്റ്റർ അലക്സ് 1990 മുതൽ സഭയുടെ അംഗമാണ്.

ഈ അവകാശവാദങ്ങൾ ശരിയോ തെറ്റോ എന്നു പറയാനുള്ള അറിവ് എനിക്കില്ല. അതുകൊണ്ട് ആ വിഷയം ചർച്ച് ഓഫ് ഗോഡ് നേതൃത്വത്തിന്റെ പരിഗണനയ്ക്കു വിടുന്നു. ഇവർ ഉന്നയിച്ചിട്ടുള്ള അഴിമതിയാരോപണങ്ങളിൽ കഴമ്പുണ്ടോ എന്ന വിഷയം ഓഡിറ്റിംഗിൽ വെളിപ്പെടും എന്നാണ് എന്റെ പ്രതീക്ഷ. അതുവരെ കാത്തിരിക്കാം.



പാസ്റ്റർ പി.ജെ.ജയിംസ്



പാസ്റ്റർ എം.കുഞ്ഞപ്പി

ശക്തമായ അടിയൊഴുക്കുകൾ ഉണ്ടായിരുന്നെങ്കിലും ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷൻ നല്ല അന്തരീക്ഷത്തിലാണ് ആരംഭിച്ചത്. പക്ഷേ പെട്ടെന്നു കാർമേഘങ്ങൾ ഉരുണ്ടുകൂടി. അതിനു മേല്പടി പത്രവാർത്തയും കാരണമായി എന്നു തോന്നുന്നു. കുറെ ഊമക്കത്തുകളും എസ്.എം.എസ്സുകളും പ്രചരിക്കുകയും ചെയ്തു. പാസ്റ്റർ പി.ജെ.ജയിംസിന് 61 വയസ്സായെന്നും പാസ്റ്റർ കുഞ്ഞപ്പി രണ്ടു വർഷം കൂടി തുടർന്നാൽ ജയിംസ് പാസ്റ്റർക്ക് ഒരു ടേം മാത്രമേ ലഭിക്കൂ എന്നുമായിരുന്നു പ്രചരണം. 65 വയസ്സ് തികഞ്ഞവർ ഓവർസിയറാകരുത് എന്ന കീഴ്‌വഴക്കമാണ് ഇവിടെ നിവിലുള്ളത്. കുഞ്ഞപ്പി പാസ്റ്റർക്ക് രണ്ടു ടേം ലഭിച്ചു കഴിഞ്ഞതിനാൽ മാറിനിൽക്കണമെന്നും ജയിംസ് പാസ്റ്റർക്ക് രണ്ടു ടേം ലഭിക്കാനുള്ള അവസരമൊരുക്കണമെന്നുമാണ് ആവശ്യമുയർന്നത്. എന്നാൽ ജയിംസ് പാസ്റ്റർ തെരഞ്ഞെടുക്കപ്പെട്ടതുമായി ബന്ധപ്പെട്ടു മനോരമയിൽ വന്ന വാർത്തയിൽ 58 വയസ്സ് എന്നാണു കണ്ടത്. ഇതാണു ശരി എന്നു കേൾക്കുന്നു. അങ്ങനെയെങ്കിൽ തല്പര കക്ഷികൾ വ്യാജ പ്രചരണം നടത്തുകയായിരുന്നു എന്നു വ്യക്തം. ഇത്തരത്തിലുള്ള തന്ത്രങ്ങൾ പ്രയോഗിച്ചു കൈയടക്കേണ്ടതല്ല ആത്മീയ നേതൃത്വം.

കുഞ്ഞപ്പി പാസ്റ്റർ രണ്ടു ടേം പൂർത്തിയാക്കിയതുകൊണ്ട് അദ്ദേഹത്തെ മാറ്റണമെന്നും പുതിയ ഓവർസിയറെ നിയമിക്കണമെന്നും പറയുന്നത് മഹാപാപമാണെന്നു പറയാനാവില്ല. പക്ഷേ അതിനു തിരഞ്ഞെടുത്ത സമയവും അതിനു സ്വീകരിച്ച മാർഗ്ഗവും ഹീനമായിപ്പോയി എന്നാണ് എന്റെ നിലപാട്.

വർഷത്തിലൊരിക്കൽ നടക്കുന്ന ജനറൽ കൺവൻഷൻ ആത്മീയാന്തരീക്ഷത്തിൽ നടക്കേണ്ടതാണ്. ദൈവവചനം ശ്രവിക്കാനും ആത്മീയ വർദ്ധന പ്രാപിക്കാനുമുള്ള സമയമാണത്. ലക്ഷക്കണക്കിനു രൂപ മുടക്കി കൺവൻഷൻ നടത്തുന്നത് ഇതിനായിട്ടാണ്. മാത്രമല്ല, ലോകമെമ്പാടുമുള്ള വിശ്വാസികൾ കൺവൻഷൻ ഗ്രൗണ്ടിലെത്തുന്നത് ആത്മീയ വർദ്ധനവു പ്രാപിക്കാനാണ്. പക്ഷേ ഇത്തവണത്തെ കൺവൻഷനിൽ എത്രപേർക്ക് ആത്മീയ വർദ്ധനവു പ്രാപിക്കാൻ കഴിഞ്ഞു? കൺവൻഷന്റെ ആദ്യ ദിനങ്ങളിൽ എത്തുന്നതിന്റെ രണ്ടോ മൂന്നോ മടങ്ങ് ആളുകൾ അവസാന ദിവസങ്ങളിൽ എത്തുകയാണു പതിവ്. പക്ഷേ ഇത്തവണ നേരേ തിരിച്ചാണു നടന്നത്. ആദ്യ ദിവസങ്ങളിൽ എത്തിയവരേക്കാൾ കുറവായിരുന്നു അവസാന ദിവസങ്ങളിലെത്തിയവരുടെ എണ്ണം. രാഷ്ട്രീയക്കളി കണ്ടും കേട്ടും ജനം മടുത്തു. അതിനെതിരെയുള്ള പ്രതിഷേധമാണ് അവർ തങ്ങളുടെ അസാന്നിധ്യത്തിലൂടെ അറിയിച്ചത്. വീണ്ടും പറയട്ടെ, കൺവൻഷനിടയിൽ തെരഞ്ഞെടുപ്പു നടത്തിയത് അക്ഷന്തവ്യമായ അപരാധമായിപ്പോയി.

തെരഞ്ഞെടുപ്പു നടത്തുകയല്ലാതെ മറ്റു പോംവഴിയില്ല എന്ന സ്ഥിതിയിൽ കാര്യങ്ങൾ കൊണ്ടുവന്നെത്തിച്ചതും തന്ത്രങ്ങളിലൂടെയാണ്. കുഞ്ഞപ്പി പാസ്റ്റർ ഒരു ടേം കൂടി തുടരട്ടെ എന്നായിരുന്നു പഴയ കൗൺസിലിന്റെ തീരുമാനം. എന്നാൽ വിമതപക്ഷത്തിനു ഭൂരിപക്ഷമുള്ള പുതിയ കൗൺസിൽ ഈ തീരുമാനം മാറ്റുകയും വിവരം സായിപ്പിനെ അറിയിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ തെരഞ്ഞെടുപ്പു നടക്കട്ടെ എന്നായി സായിപ്പ്. തെരഞ്ഞെടുപ്പു നടത്തുന്നെങ്കിൽ അതു കൺവൻഷൻ കഴിഞ്ഞായിരിക്കണമെന്നും കൺവൻഷൻ സന്തോഷകരമായി നടക്കാൻ അനുവദിക്കണമെന്നും കുഞ്ഞപ്പി പക്ഷം സായിപ്പിനോട് അപേക്ഷിച്ചു. സായിപ്പ് അതു സമ്മതിക്കുകയും ചെയ്തു. വിവരമറിഞ്ഞയുടൻ വിമത പക്ഷം വീണ്ടും സായിപ്പിനെ സമീപിച്ചു. ഇലക്ഷൻ ഉടൻ നടത്തണമെന്നു ശഠിച്ചു. അങ്ങനെയാണ് ഇലക്ഷൻ നടന്നതും കൺവൻഷൻ കോഞ്ഞാട്ടയായതും.

പുതിയ ഓവർസിയറെ തിരഞ്ഞെടുക്കാനുള്ള അവകാശം കൗൺസിലിനല്ല വോട്ടവകാശമുള്ള വോട്ടർമാർക്കാണ് എന്നു സായിപ്പ് വിധിച്ചു. അങ്ങനെയെങ്കിൽ കുറഞ്ഞപക്ഷം 14 ദിവസത്തെ നോട്ടീസ് നൽകിയാണ് ഇലക്ഷൻ നടത്തേണ്ടത്. അതുണ്ടായില്ല. ഇലക്ഷൻ നടത്താൻ തീരുമാനമെടുത്ത് ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വോട്ടെടുപ്പു തുടങ്ങി. ഇതെന്തു ന്യായം?

കുഞ്ഞപ്പി പാസ്റ്റർ തുടരണമോ വേണ്ടയോ എന്നറിയാനുള്ള ഇലക്ഷനാണ് ആദ്യം നടത്തേണ്ടിയിരുന്നത്. പുതിയ ഓവർസിയറെ നിയമിക്കണം എന്ന നിലപാടിനു ഭൂരിപക്ഷം ലഭിച്ചാൽ ഇലക്ഷൻ നടത്താം. ഓർഡിനേഷൻ ലഭിച്ചിട്ടുള്ള ഏതു പാസ്റ്റർക്കും സ്ഥാനാർത്ഥിയാകാം. അവരിൽ ആര് ഓവർസിയറാകണമെന്നു വോട്ടർമാർ തീരുമാനിക്കണം. ഇതല്ലേ ശരിയായ നടപടി. പക്ഷേ ഇതൊന്നുമല്ല ചർച്ച് ഓഫ് ഗോഡിൽ നടന്നത്. കുഞ്ഞപ്പി പാസ്റ്ററെയും ജയിംസ് പാസ്റ്ററെയും സ്ഥാനാർത്ഥികളായി പരിഗണിച്ച് തെരഞ്ഞെടുപ്പു നടത്തി. ഇവരിൽ ആര് ഓവർസിയറാകണമെന്നു തീരുമാനിക്കാനുള്ള അധികാരം മാത്രമാണ് വോട്ടർമാർക്കു ലഭിച്ചത്. രണ്ടു പേരെയും വേണ്ട എന്നു പറയാനോ, മൂന്നാമതൊരാളെ വേണമെന്നു പറയാനോ ഉള്ള അവസരം വോട്ടർമാർക്കു ലഭിച്ചില്ല. ഇതു സാമാന്യ നീതിയുടെ നിഷേധമല്ലേ? ഇതാണോ ജനാധിപത്യ രീതിയിലുള്ള ഇലക്ഷൻ?

പല വിധത്തിലുള്ള അഴിമതിയാരോപണങ്ങൾ പാസ്റ്റർ എം.കുഞ്ഞപ്പിക്കു നേരെ ഉയർത്തിയാണ് വിമതപക്ഷം അട്ടിമറി നടത്തിയത്. ഇവർ ഉന്നയിച്ച ആരോപണങ്ങളിൽ എത്രത്തോളം സത്യമുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. കണക്കുകൾ ഓഡിറ്റ് ചെയ്ത് സത്യം പുറത്തു കൊണ്ടുവരാവുന്നതാണ്. കുഞ്ഞപ്പി പാസ്റ്ററുടെ മന:സാക്ഷിസൂക്ഷിപ്പുകാരായി ഒപ്പം നിന്നവരാണ് അഴിമതി നടത്തി പ്രശ്നങ്ങൾക്കു വഴിവച്ചത് എന്നു കേൾക്കുന്നു. ശരിയായിരിക്കാം. ഇതിന്റെ വിശദാംശങ്ങളും ഓഡിറ്റിംഗിൽ വെളിപ്പെടുമെന്നും കരുതാം.

അച്ചടക്കം, ദശാംശം തുടങ്ങിയ വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് പാസ്റ്റർ എം.കുഞ്ഞപ്പി സ്വീകരിച്ചിരുന്നത്. ഇത് പല പാസ്റ്റർമാർക്കും രസിച്ചില്ല. പ്രതികാരം ചെയ്യാൻ ലഭിച്ച അവസരം അവർ വിനിയോഗിക്കയും ചെയ്തു.

പുതിയ ഓവർസിയറെ തെരഞ്ഞെടുത്തെങ്കിലും അധികാര കൈമാറ്റം അടുത്ത സെപ്റ്റംബറിൽ മാത്രമേ നടക്കൂ. അതുകൊണ്ട് ഇനിയുള്ള സമയം കുഞ്ഞപ്പി പാസ്റ്റർ തക്കത്തിൽ വിനിയോഗിക്കുകയും അധികാര കൈമാറ്റം അനായാസമാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും വേണം. തുടങ്ങിവച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഉചിതമായ ഒരു ഘട്ടം വരെയെങ്കിലും പൂർത്തിയാക്കണം.

ജയിംസ് പാസ്റ്ററോടും എനിക്കു ചിലതു പറയാനുണ്ട്. നിരപവാദ്യനായി ഇത്രക്കാലവും ജീവിക്കാൻ കഴിഞ്ഞു എന്നതു നല്ലകാര്യം തന്നെ. ഓവർസിയറായി തെരഞ്ഞെടുക്കപ്പെടാൻ വഴിവച്ചത് ഈ സ്വഭാവശുദ്ധിയാണെന്നതിനും സംശയമില്ല. ഈ രീതി തുടരണം. ദുർന്നടപ്പ്, ദുരുപദേശം, ദ്രവ്യാഗ്രഹം, സ്വജനപക്ഷപാതം, അധികാരക്കൊതി, പത്രത്തിൽ ഫോട്ടോ അടിച്ചു കാണാനുള്ള മോഹം, അഹങ്കാരം തുടങ്ങിയവ കൂടാതെ പ്രവർത്തിക്കണം. ‘നോ’ എന്നു പറയേണ്ടിടത്ത് ‘നോ’ എന്നുതന്നെ പറയണം. തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ കഴിയണം. വൈതാളികരെ അകറ്റിനിർത്തണം. എങ്കിൽ പാസ്റ്റർ പി.ജെ.ജയിംസിന് ഡിഫെൻഡറിന്റെ പിൻതുണയുണ്ടാകും. ഇല്ലെങ്കിലോ? അതു വിശേഷിച്ചു പറയണോ?




## സി. ഒ. ജി ഭാരവാഹികൾ

ഈയിടെ തെരഞ്ഞെടുക്കപ്പെട്ട ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് കൗൺസിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാലക്കാട്ട് ശുശ്രൂഷിക്കുന്ന മാത്യു കെ ഫിലിപ്പ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. വാര്യാപുരം സഭയുടെ ശുശ്രൂഷകനായ തോമസ് എം. പുളിവേലിൽ ആണു ജോയിന്റ് സെക്രട്ടറി. കോട്ടയം കഞ്ഞിക്കുഴി സഭയുടെ ശുശ്രൂഷകനായ കെ.കോരുതിനെ ട്രഷറാർ ആയും തെരഞ്ഞെടുത്തു. സെക്രട്ടറി, ട്രഷറാർ എന്നീ സ്ഥാനങ്ങളിലേക്കു മൽസരമുണ്ടായിരുന്നു. അസി. ഓവർസിയർ, എഡ്യൂക്കേഷൻ ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പല്ല നോമിനേഷനാണ്. പുതിയ ഓവർസിയറായി പി.ജെ.ജയിംസ് സെപ്റ്റംബറിൽ ചാർജെടുത്തശേഷം ശിങ്കിടികളെ ഈ സ്ഥാനങ്ങളിൽ നിയമിക്കും.

# മാർ ക്രിസോസ്റ്റത്തിനു ഗണേശപുരസ്ക്കാരം



മാർത്തോമ്മാ സഭയുടെ വലിയ തിരുമേനി ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ നാമത്തിലുള്ള മള്ളിയൂർ ഗണേശ പുരസ്ക്കാരം ഏറ്റുവാങ്ങി. 2500ൽ അധികം തവണ ഭാഗവതം വായിച്ച ആളാണ് ശ്രീ മള്ളിയൂർ ശങ്കരൻ നമ്പൂതിരി. 18 പുരാണങ്ങളുള്ളതിൽ ഏറ്റവും പ്രചാരമുള്ള പുരാണമാണു ഭാഗവതം. മഹാവിഷ്ണുവിന്റെ അവതാരങ്ങളെക്കുറിച്ചാണ് ഭാഗവതത്തിൽ വിവരിക്കുന്നത്.

ശ്രീകൃഷ്ണനെ മടിയിലിരുത്തിയ ഗണപതിയാണ് മള്ളിയൂർ മഹാഗണപതിക്ഷേത്രത്തിലെ പ്രതിഷ്ഠ. ഇത്തരത്തിലുള്ള വിഗ്രഹം മറ്റെവിടെയെങ്കിലും ഉള്ളതായി അറിവില്ല. മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ ഇഷ്ടദേവനായിരുന്നു മള്ളിയൂർ ക്ഷേത്രത്തിലെ ഗണപതി. അതുകൊണ്ടാണ് മള്ളിയൂരിന്റെ നാമത്തിലുള്ള അവാർഡിന് ഗണേശ പുരസ്ക്കാരം എന്നു പേരു നൽകിയത്. മള്ളിയൂർ ശങ്കരൻ നമ്പൂതിരി നൽകിയ ഒരു കൃഷ്ണവിഗ്രഹം മാർ ക്രിസോസ്റ്റത്തിന്റെ സ്വകാര്യമുറിയിൽ വച്ചിട്ടുമുണ്ട്.

യാക്കോബായ സഭയിലെ ചില വിശ്വാസാചാരങ്ങൾ തിരുവചനവിരുദ്ധമാണെന്ന കാരണം പറഞ്ഞ് പുതിയ സഭയുണ്ടാക്കിയവരാണു മാർത്തോമ്മാക്കാർ. പക്ഷേ ദുരുപദേശം, ദുർന്നടപടികൾ, അന്യദൈവാരാധന തുടങ്ങിയ വിഷയങ്ങളിൽ ഓർത്തഡോക്സ്-യാക്കോബായ സഭകളെ കവച്ചു വയ്ക്കാൻ മാർത്തോമ്മാ സഭയ്ക്കു കഴിഞ്ഞിരിക്കുന്നു. ഏതാനും മാസം മുമ്പ് മാർ ക്രിസോസ്റ്റം അമൃതാനന്ദമയിയെ സന്ദർശിച്ചതും അമൃതാനന്ദമയി ലോകത്തിന്റെ അമ്മയാണെന്നു പ്രഖ്യാപിച്ചതും ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. 2006ൽ ശുഭാനന്ദാശ്രമം സന്ദർശിച്ചപ്പോൾ ''അഹംഭാവം മാറ്റി ആത്മാവിനു യഥാർത്ഥ ജ്ഞാനം നൽകുന്ന പുണ്യ സങ്കേതമാണു ചെറുകോൽ ശുഭാനന്ദാശ്രമം'' എന്നു ക്രിസോസ്റ്റം പറഞ്ഞിരുന്നു. (ഡിഫെൻഡർ - 2006 മെയ് 16, പേജ്. 1)

ഇക്കഴിഞ്ഞ കുമ്പനാട് കൺവൻഷനിൽ മാർ ക്രിസോസ്റ്റം ക്ഷണിക്കപ്പെടാത്ത (?) അതിഥിയായെത്തിയതും പെന്തക്കോസ്ത് നേതാക്കൻമാർ അദ്ദേഹത്തെ തണ്ടിലേറ്റിയതും ഏറെ വിവാദങ്ങൾക്കു കാരണമായിരുന്നു. കുമ്പനാട് സന്ദർശനത്തിനുശേഷം പത്തു ദിവസം കഴിഞ്ഞ് ക്രിസോസ്റ്റം ഗണേശപുരസ്ക്കാരവും സ്വീകരിച്ചു.

ഐ.പി.സിയിലെ വല്യ തിരുമേനിയായ ടി.എസ്.ഏബ്രഹാം, പുത്രനായ വൽസൻ തമ്പുരാൻ, പ്രസിഡന്റായ കെ.സി. മ്ലേച്ഛൻ എന്നിവർ ചേർന്നാണ് ക്രിസോസ്റ്റത്തെ കുമ്പനാട് കൺവൻഷനിൽ അരിയിട്ടു വാഴ്ത്തിയത്. ക്രിസോസ്റ്റത്തെ സ്വാഗതം ചെയ്തുകൊണ്ടു വൽസൻ തിരുമേനി പറഞ്ഞതിങ്ങനെ: ''കഴിഞ്ഞ അനേക ദശാബ്ദങ്ങളായി അദ്ദേഹത്തെ ദൈവം തന്റെ സഭയോടുള്ള ബന്ധത്തിൽ നേതൃത്വത്തിൽ ഉപയോഗിച്ച് ശുശ്രൂഷയിൽ നടത്തിക്കൊണ്ടിരിക്കുന്നു.....മെത്രാപ്പോലീത്തായുടെ ഹൃദയത്തിൽ ദൈവം നൽകിയ ഏതാനും വാക്കുകൾ അദ്ദേഹം നമ്മോടു സംസാരിക്കും.'' (ബലേ ഭേഷ് എന്നേ പറയേണ്ടൂ!)

തുടർന്നു സംസാരിച്ച ടി.എസ്.ഏബ്രഹാം കഴിഞ്ഞ കാലങ്ങളിൽ മാർ ക്രിസോസ്റ്റവുമായി ഇണയല്ലാപ്പിണ കൂടുവാൻ ഇടയായതിലുള്ള സന്തോഷം ജനത്തെ അറിയിച്ചു. മാത്രമല്ല, മേല്പടി ദുരന്തങ്ങളുടെ ഫോട്ടോകൾ ഫ്രേമിട്ടു സൂക്ഷിച്ചിട്ടുണ്ടെന്നുള്ള ഭീകര രഹസ്യം വെളിപ്പെടുത്തുകയും ചെയ്തു. 'ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു' എന്ന വചനം അങ്ങനെ കുമ്പനാട്ടും നിറവേറി.

തിരുമേനിയുടെ സൊറ കഴിഞ്ഞ് ഉപസംഹാരം പറഞ്ഞ കെ.സി.ജോൺ പറഞ്ഞതിങ്ങനെ: ''മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഇന്നു രാത്രി കുമ്പനാട് കൺവൻഷനിൽ പങ്കെടുത്ത് പുതിയൊരു ചരിത്രം സൃഷ്ടിച്ചിരിക്കയാണ്.....1940ൽ ആനപ്രമ്പാൽ മാർത്തോമ്മാ സഭയിൽ അംഗമായിരുന്ന എന്റെ മാതാവ് വിശ്വാസസ്നാനം ഏറ്റു എന്ന കാരണത്താൽ മുടക്കി, പള്ളിഭ്രഷ്ടയാക്കി. 20 വർഷം കഴിഞ്ഞ് എന്റെ പിതാവ് സ്നാനമേറ്റപ്പോൾ അദ്ദേഹത്തെയും പള്ളിയിൽ പരസ്യമായി പേരു വായിച്ച് മുടക്കി. ഇവിടിരിക്കുന്ന പലരുടെയും പിതാക്കളെയും മാതാക്കളെയും പള്ളിയിൽ നിന്നു മുടക്കി. ശ്മശാനമില്ലാതെ, സാമൂഹ്യ ബന്ധങ്ങളില്ലാതെ, വിഷമിച്ചു. അദ്ദേഹം ഇന്ന് ഇവിടെ വന്നപ്പോൾ, അദ്ദേഹം തന്നെ മുൻകൈയെടുത്തു വന്നപ്പോൾ, ആ വിഷമങ്ങളൊക്കെ തീർന്നിരിക്കുന്നു. പ്രെയ്സ് ദ ലോഡ്. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ, ദീർഘായുസ്സോടെ ഇരുത്തട്ടെ, ആരോഗ്യവും സൗഖ്യവും കൊടുക്കട്ടെ. അദ്ദേഹത്തിനുവേണ്ടി നാം പ്രാർത്ഥിക്കാൻ പോകുകയാണ്. നമുക്ക് ഒന്നിച്ചുചേർന്നു പ്രാർത്ഥിക്കാം.'' ഇത്രയും പറഞ്ഞിട്ട് മാർ ക്രിസോസ്റ്റത്തിന് ശക്തമായ അഭിഷേകം ലഭിക്കാൻ വേണ്ടി പ്രാർത്ഥിച്ചു. പക്ഷേ തിരുമേനി രക്ഷിക്കപ്പെടാൻ, വീണ്ടും ജനനം പ്രാപിക്കാൻ, പ്രാർത്ഥിച്ചതുമില്ല.

തുടർന്നു സംസാരിച്ച പ്രസംഗകനോ, പിന്നീടു നടന്ന യോഗങ്ങളിൽ പ്രസംഗിച്ചവരോ ശൂന്യമാക്കുന്ന ഈ മ്ലേച്ഛതയ്ക്കെതിരായി പ്രതികരിക്കുമെന്നു കരുതിയെങ്കിലും അതുണ്ടായില്ല. എന്തിനേറെ, പെന്തക്കോസ്ത് പത്രങ്ങൾ പോലും ഈ തോന്ന്യാസത്തിനെതിരെ മിണ്ടിയില്ല.

പെന്തക്കോസ്ത് സാത്താന്റെ പിടിയിലാണെന്നു ഡിഫെൻഡർ നിരന്തരം പറഞ്ഞിട്ടും വിശ്വാസം വരാത്തവർ ഇനിയെങ്കിലും സത്യം മനസ്സിലാക്കുക. പെന്തക്കോസ്തിലെ ഭൂരിപക്ഷം നേതാക്കൻമാരും വിശ്വാസികളിൽ നല്ലൊരു പങ്കും ആത്മീയമായി മരിച്ചുകഴിഞ്ഞു. ഇനി പെന്തക്കോസ്ത് ചീഞ്ഞുനാറും.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

script infow@ys
Your Web Partner
Ernakulam

Phone: 0484-2592312. Mob: 9539378757
Email: info@scriptinfoways.com

# ആശാനക്ഷരമൊന്നുപിഴച്ചാൽ......

# അത്തി മുതലായ സകല വൃക്ഷങ്ങളും

കർത്താവിന്റെ മടങ്ങിവരവ് ആസന്നമായി എന്നതിനു സംശയമില്ല. യിസ്രായേല്യർക്കു രാജ്യം മടക്കി ലഭിച്ചത് കർത്താവിന്റെ മടങ്ങിവരവ് അസന്നമായതിന്റെ തെളിവാണെന്നതിനും സംശയമില്ല. പക്ഷേ ബൈബിളിലെ പല വാക്യങ്ങളും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തു വ്യാഖ്യാനിച്ച് അവയ്ക്ക് ഇല്ലാത്ത അർത്ഥം ഉണ്ടാക്കുന്ന കാര്യത്തിൽ കെ.ഇ.ഏബ്രഹാം പോലും വിരുതനായിരുന്നു. ഇവർ ഈ തെറ്റു മന:പൂർവ്വം ചെയ്തതാണോ അതോ അജ്ഞതമൂലമുണ്ടായ അബദ്ധമാണോ എന്നേ അറിയേണ്ടതുള്ളൂ. ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

''ഒരുപമയും അവരോടു പറഞ്ഞത്: അത്തി മുതലായ സകല വൃക്ഷങ്ങളെയും നോക്കുവിൻ. അവ തളിർക്കുന്നതു നിങ്ങൾ കാണുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്നു സ്വതവേ അറിയുന്നുവല്ലോ. അവ്വണ്ണം തന്നേ ഇതു സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു ഗ്രഹിക്കുവിൻ.'' (ലൂക്കോ.21:29-31)

അറിയപ്പെടുന്ന വേദപണ്ഡിതൻമാർ പോലും ഈ വേദഭാഗം ദുർവ്യാഖ്യാനം ചെയ്യാറുണ്ട് എന്നത് ഒരു ദു:ഖസത്യമാണ്. അതുകൊണ്ട് വിഷയം അല്പം വിശദമായി പഠിക്കേണ്ടതുണ്ട്. 'അത്തി' എന്നത് യഹൂദന്റെ ഭൗതിക സ്ഥിതിയോടുള്ള ബന്ധത്തിൽ പറയാറുണ്ട് എന്നതു സത്യം തന്നെ. അതുകൊണ്ട് അത്തി എന്നത് യിസ്രായേൽ രാഷ്ട്രത്തിന്റെ പ്രതീകമാണെന്നു പറഞ്ഞാൽ അതു തെറ്റാകുകയുമില്ല. പക്ഷേ മേല്പറഞ്ഞ വാക്യത്തിന് ഇത്തരത്തിലൊരു അർത്ഥം കൊടുക്കാൻ കഴിയുമോ എന്നതാണു പ്രശ്നം.

എന്താണു കർത്താവു പറഞ്ഞത്? അത്തി മുതലായ സകല വൃക്ഷങ്ങളും തളിർക്കുന്നതു കാണുമ്പോൾ വേലനടുത്തു എന്നു സാമാന്യ ബുദ്ധിയുള്ളവർക്കു മനസ്സിലാകും. അതുപോലെ കർത്താവു പറഞ്ഞ അടയാളങ്ങൾ നിറവേറുന്നതു കാണുമ്പോൾ കർത്താവിന്റെ വരവ് അടുത്തു എന്നു മനസ്സിലാക്കണം. ഇത്രയുമല്ലേ മേല്പറഞ്ഞ വാക്യത്തിന് അർത്ഥമുള്ളൂ?

അത്തി തളിർത്തു എന്നത് യഹൂദനു രാജ്യം കിട്ടിയ കാര്യമാണെങ്കിൽ തളിർക്കുന്നത് അത്തി മാത്രമല്ലല്ലോ. അത്തി മുതലായ സകല വൃക്ഷങ്ങളും തളിർക്കുന്ന കാര്യമാണു കർത്താവു പറയുന്നത്. ലോകമെമ്പാടുമുള്ള സകല ജനവർഗ്ഗങ്ങൾക്കും രാഷ്ട്രം തിരികെ ലഭിച്ചെങ്കിൽ ഈ വ്യാഖ്യാനം ശരിയാണ്. പക്ഷേ അങ്ങനെ സംഭവിച്ചിട്ടില്ല എന്നു നമുക്കറിയാം.

ഈ വ്യാഖ്യാനത്തിൽ പിഴവു പറ്റിയതെവിടെ? പറയാം: പരിശുദ്ധാത്മാവിനെ എണ്ണയോട് ഉപമിച്ചിട്ടുണ്ട്. അതുകൊണ്ട് എവിടെ എണ്ണ കണ്ടാലും അതു പരിശുദ്ധാത്മാവാണെന്നു പറഞ്ഞാൽ കുഴപ്പമാകും. ജീവജല നദിയെക്കുറിച്ചു തിരുവചനത്തിൽ പറയുന്നുണ്ടെന്നതു ശരി തന്നെ. പക്ഷേ സകല നദികളും ജീവജലനദിയാണെന്നു വ്യാഖ്യാനിക്കരുത്. യേശു ദൈവത്തിന്റെ കുഞ്ഞാടാണ്. അതുകൊണ്ട് സകല കുഞ്ഞാടുകളും യേശുവാണെന്നു വരുന്നില്ല. യഹൂദനെ അത്തിയോട് ഉപമിച്ചിട്ടുണ്ടെന്നതുകൊണ്ട് അത്തിയെന്ന് പറയുന്നതെല്ലാം യഹൂദനോടുള്ള ബന്ധത്തിൽ വ്യാഖ്യാനിക്കരുത്.

മറ്റൊരു പ്രശ്നവും ഇവിടെയുണ്ട്. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. പൊരുളിനെ നിഴലായി തെറ്റിദ്ധരിച്ചു വ്യാഖ്യാനിക്കുന്നതും പ്രശ്നത്തിനു വഴി വയ്ക്കും. നല്ല ശമര്യാക്കാരൻ, മുടിയൻ പുത്രൻ, 10 കന്യകമാർ തുടങ്ങിയവ വ്യാഖ്യാനിക്കുമ്പോൾ പലർക്കും തെറ്റുന്നത് പൊരുളിനെ നിഴലാക്കുന്നതുമൂലമാണ്.

'അത്തി മുതലായ സകല വൃക്ഷങ്ങളും' എന്നു കർത്താവു പറഞ്ഞത് അക്ഷരാർത്ഥത്തിലാണ്. അതുകൊണ്ട് അത്തിക്കും മറ്റു വൃക്ഷങ്ങൾക്കും ആത്മീയാർത്ഥമൊന്നുമില്ല, അക്ഷരാർത്ഥമേയുള്ളൂ. തളിർക്കുക എന്നു പറഞ്ഞാൽ തളിർക്കുക എന്നുതന്നെയാണ് അർത്ഥം. വേനൽ എന്നതു സാക്ഷാൽ വേനലാണ്. അതുകൊണ്ട് ദൈവദാസൻമാർ ഇനിയെങ്കിലും ഈ ദുർവ്യാഖ്യാനം ഒഴിവാക്കണം.

ദാനി.12:4ഉം ദുർവ്യാഖ്യാനം ചെയ്യപ്പെടാറുണ്ട്. ''നീയോ ദാനീയേലേ, അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിനു മുദ്രയിടുക; പലരും അതിനെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും.''

ജ്ഞാനം വർദ്ധിക്കുന്നത് അന്ത്യകാലത്തിന്റെ ലക്ഷണമാണെന്ന വിധത്തിലാണു വ്യാഖ്യാനം പോകുന്നത്. ഈ വാക്യത്തിന് അങ്ങനെയൊരു അർത്ഥമില്ല. ഓരോ ദിവസം ചെല്ലുന്തോറും ലോകത്തു ജ്ഞാനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ലോകമുണ്ടായ കാലം മുതൽ തുടരുന്ന കാര്യമാണിത്. അതല്ലാതെ ഇതു കർത്താവിന്റെ വരവിന്റെ ലക്ഷണമല്ല. ആണെന്നു കർത്താവു പറഞ്ഞിട്ടുമില്ല.

കർത്താവിന്റെ വരവിനോടുള്ള ബന്ധത്തിൽ സാധാരണയായി കേട്ടുവരുന്ന ഒരു ഭാഷാപ്രയോഗമാണ് 'ലവോദിക്യാ പീരീഡ്' എന്നത്. വെളി. 2,3 അധ്യായങ്ങളിൽ കാണുന്ന ഏഴു സഭകളുമായി ബന്ധപ്പെട്ടുള്ള ഒരു ദുർവ്യാഖ്യാനമാണിത്. ഭാവികാലശാസ്ത്രം പ്രസംഗിച്ച് ഷൈൻ ചെയ്യുന്ന വിരുതൻമാരാണ് ഇത്തരമൊരു പീരീഡ് സൃഷ്ടിച്ചെടുത്തത്.

യോഹന്നാനു വെളിപ്പാടു ലഭിക്കുന്ന സമയത്ത് ഈ ഭൂമിയിൽ നൂറു കണക്കിനു പ്രാദേശിക സഭകളുണ്ടായിരുന്നു. എങ്കിലും അവയിൽ നിന്ന് ഏഴു സഭകളെ ദൈവം തിരഞ്ഞെടുത്ത് ദൂതു നൽകുന്നു. ഈ ഏഴു സഭകളെ മാത്രം എന്തുകൊണ്ടു തിരഞ്ഞെടുത്തു എന്ന ചോദ്യത്തിനു തിരുവചനത്തിൽ മറുപടിയില്ല. കാരണമെന്തുതന്നെ ആയാലും ഈ ഏഴു സഭകൾ അക്കാലത്ത് ഉണ്ടായിരുന്നവയാണെന്നും ഓരോ സഭയോടുമുള്ള ബന്ധത്തിൽ പറയുന്ന കാര്യങ്ങൾ അതാതു സഭയെ സംബന്ധിച്ചു സത്യമായിരുന്നു എന്നും വ്യക്തം. ഈ സഭകൾക്കു നൽകുന്ന ദൂത് അക്കാലത്തു മാത്രമല്ല ഇന്നും പ്രസക്തമാണ്. ഒരു കുറ്റവും പറയാനില്ലാത്ത സഭ മുതൽ ഒരു ഗുണവും പറയാനില്ലാത്ത സഭ വരെയുണ്ട്. ലോകമെമ്പാടുമുള്ള സഭകളുടെ സ്ഥിതിയും ഇതുതന്നെ. ഒരു കുറ്റവും പറയാനില്ലാത്ത സഭകൾ ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അതുപോലെ ഒരു ഗുണവും പറയാനില്ലാത്ത സഭകളുമുണ്ട്. ഭൂരിപക്ഷം സഭകൾക്കും ചെറിയ തോതിലോ വലിയ തോതിലോ കുറ്റങ്ങളും കുറവുകളുമുണ്ടാകും. വ്യക്തികളുടെ സ്ഥിതിയും ഇതുതന്നെ.

പക്ഷേ ഇങ്ങനെ പറഞ്ഞു വിട്ടാൽ പാണ്ഡിത്യം പ്രകടിപ്പിക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് ഈ ഏഴു സഭകളെ ഏഴു സഭാപീരീഡുകളാക്കും. ഒന്നാം നൂറ്റാണ്ടു മുതൽ നാളിതുവരെയുള്ള കാലത്തെ ഏഴു ഭാഗങ്ങളായി വിഭജിക്കും. എന്തു മാനദണ്ഡം ആധാരമാക്കിയാണ് ഇത്തരത്തിലുള്ള ഒരു വിഭജനം നടത്തുന്നത്? വിശേഷിച്ചു മാനദണ്ഡമൊന്നുമില്ല. വ്യാഖ്യാതാവിന് അങ്ങനെയൊക്കെ തോന്നി, അത്രമാത്രം. ഇങ്ങനെ വിഭജിച്ചു വന്നപ്പോൾ എ.ഡി. 1900 മുതലുള്ള കാലം ലവോദിക്യാ പീരീഡായി. ശീതവാനുമല്ല ഉഷ്ണവാനുമല്ല എന്ന സ്ഥിതിയിലുള്ള സഭ. ഇത്തരത്തിലുള്ള സഭകൾ ഈ ലോകത്തുണ്ടെന്നതു ശരി തന്നെ. പക്ഷേ ആദ്യസ്നേഹം വിട്ടുപോയ സഭകളുമുണ്ട്. കടുത്ത പീഡയിലൂടെ കടന്നുപോകുന്നവരുണ്ട്. കള്ളപ്രവചനം കൊണ്ടു പൊറുതി മുട്ടിയ സഭകളെയും കണ്ടെത്താം. എന്തിനേറെ, ഒരു കുറ്റവും പറയാനില്ലാത്ത സഭകളെപ്പോലും വളരെ അപൂർവ്വമായി കണ്ടെത്താൻ കഴിയും. അതുകൊണ്ട് പീരീഡ് വിഭജനം ശരിയല്ല. ഇതു ലവോദിക്യാ പീരീഡ് ആണെന്ന വ്യാഖ്യാനം പമ്പര വിഡ്ഢിത്തമാണ്.

ലോകത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം ബൈബിളിൽ പണ്ടുതന്നെ എഴുതി വച്ചിട്ടുള്ളതാണ് എന്നു വരുത്തിത്തീർക്കാൻ പലരും ശ്രമിക്കാറുണ്ട്. ബൈബിൾ ദൈവവചനമാണെന്നു തെളിയിക്കാൻ ഇത് ആവശ്യമാണെന്ന് ഇക്കൂട്ടർ തെറ്റിദ്ധരിക്കുന്നു. അങ്ങനെയുള്ളവർ എന്തു സംഭവമുണ്ടായാലും അതു കർത്താവിന്റെ മടങ്ങിവരവിന്റെ ലക്ഷണമായി വ്യാഖ്യാനിക്കും. ഇത്തരം ദുർവ്യാഖ്യാനങ്ങൾ നാം ഒഴിവാക്കണം.

> ആത്മീയലോകത്ത് ഏറെ സ്വീകാര്യത നേടിയിട്ടുള്ള ദുർവ്യാഖ്യാനങ്ങൾ തിരുവചന വെളിച്ചത്തിൽ പഠനവിധേയമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'ആശാനക്ഷരമൊന്നു പിഴച്ചാൽ...' എന്ന ഈ പരമ്പര ആരംഭിച്ചത്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പംക്തി പ്രയോജനം ചെയ്യും.

## കളക്ടറുടെ അനുവാദം കിട്ടി



# പ്രാർത്ഥനക്കോസ്സ്: സത്യമെന്ത്?

പെന്തക്കോസ്തുകാർ കളക്ടറുടെ അനുവാദം കൂടാതെ വീടുകളിൽ പ്രാർത്ഥന നടത്താൻ പാടില്ല എന്നു കേരള ഹൈക്കോടതി ഉത്തരവിട്ടു എന്നു ചില പത്രങ്ങളിൽ വാർത്ത വന്നത് ഒട്ടേറെ വിവാദങ്ങൾക്കു കാരണമായിരിക്കുകയാണ്. സംഭവമെന്തെന്നു വ്യക്തമായി മനസ്സിലാക്കാതെ പലരും പെന്തക്കോസ്തിന്റെ രക്ഷകരായി 'ഏൻ ലച്ചിപ്പോം' എന്നലറിക്കൊണ്ടു ചാടി വീഴുകയും ചെയ്തു. അതുകൊണ്ട് ഈ കേസ്സുമായി ബന്ധപ്പെട്ട വസ്തുതകൾ വിവരിക്കുന്നു:

പന്തളം സ്വദേശികളും പെന്തക്കോസ്ത് വിശ്വാസികളുമായ ബിനു ബേബി (35), പിതാവായ ബേബി (80) എന്നിവർ തങ്ങളുടെ വീട്ടിൽ യോഗങ്ങൾ നടത്തുക പതിവായിരുന്നു. അയൽക്കാരായ രാമചന്ദ്രൻ, ഭാര്യ നളിനാക്ഷി എന്നിവർ ഇതിനെതിരെ പോലീസിൽ പരാതി നൽകി. പ്രാർത്ഥനായോഗത്തിലുണ്ടാകുന്ന ശബ്ദകോലാഹലം മൂലം തങ്ങളുടെ സൈര്യജീവിതത്തിനു തടസ്സമുണ്ടാകുന്നു എന്നാണ് അവർ പരാതിപ്പെട്ടത്. പരാതിയെക്കുറിച്ച് അന്വേഷിച്ച പോലീസ് ബിനു ബേബിയെയും ബേബിയെയും സ്റ്റേഷനിൽ വിളിച്ചു വരുത്തി വിവരം ശേഖരിച്ചു. ഭവനങ്ങളിൽ ആത്മീയ യോഗങ്ങൾ നടത്താൻ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ (G.O.(P) NO.217/ 2005/HOME/DATED 25.7.2005) അതനുസരിച്ചുള്ള ഉത്തരവു വാങ്ങിയശേഷം മാത്രമേ യോഗം നടത്താവൂ എന്നു പോലീസ് ബിനു ബേബിക്കും പിതാവിനും നിർദ്ദേശം നൽകി. ഈ നിർദ്ദേശത്തിനെതിരെ ബിനു ബേബിയും പിതാവും ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിൽ ഉണ്ടായ വിധിയാണ് ഈ കോലാഹലങ്ങൾക്കു കാരണം.

ഈ പ്രശ്നത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പായി കോടതിവിധി ഒരുവട്ടമെങ്കിലും വായിക്കുക. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർ ഇംഗ്ലീഷ് അറിയാവുന്നവരുടെ സഹായത്തോടെ വിധി മനസ്സിലാക്കുക. കഥയറിയാതെ ആട്ടം കാണുന്നത് ഒഴിവാക്കുക.

ഇനി പറയൂ: പെന്തക്കോസ്തുകാർക്കെതിരായാണു കോടതിവിധി ഉണ്ടായതെന്നു പറയാൻ കഴിയുമോ? പെന്തക്കോസ്തുകാർ വീടുകളിൽ പ്രാർത്ഥന നടത്തുന്നതിന് കളക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നാണോ വിധിയിലുള്ളത്?

പെന്തക്കോസ്ത് എന്ന വാക്ക് ഈ ഉത്തരവിൽ ഒരിടത്തു മാത്രമേ വരുന്നുള്ളൂ: അതു പരാതിക്കാർ പെന്തക്കോസ്ത് സമുദായത്തിൽ പെട്ടവരാണ് എന്നു പറയുന്നിടത്താണ്. വിധിയുടെ പ്രധാനഭാഗം അവസാനത്തെ പാരഗ്രാഫാണ്. അവിടെ പെന്തക്കോസ്തുകാർക്കെതിരായി ഒന്നുംതന്നെ പറയുന്നില്ല.

എന്താണു വിധിയിലുള്ളത്? 2005ൽ കേരള ആഭ്യന്തര വകുപ്പ് 217-ാം നമ്പറായി പുറപ്പെടുവിച്ച ഇത്തരവനുസരിച്ചുള്ള അനുവാദം കളക്ടറിൽ നിന്നു വാങ്ങിയശേഷം മാത്രമേ വീട്ടിൽ യോഗം നടത്താവൂ എന്നു പോലീസ് നിർദ്ദേശിച്ചത് പോലീസ് പീഡനമായി കണക്കാക്കാമോ എന്നതു മാത്രമാണു കോടതി തീരമാനിക്കേണ്ട വിഷയം. പോലീസിന്റെ നടപടി പീഡനമല്ല എന്നു കോടതി വിധിച്ചു. അത്രതന്നെ. നിയമാനുസൃതം കളക്ടറിൽ നിന്ന് അനുവാദം വാങ്ങി യോഗം നടത്തുന്നതിന് ഈ വിധി തടസ്സമല്ലെന്നും കോടതി വ്യക്തമാക്കി. ഇതിനാണോ ഈ പുകിലെല്ലാം ഉണ്ടാക്കിയത്?

കോടതികൾ എന്താണു ചെയ്യുന്നത്? നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുന്നവരെ ശിക്ഷിക്കുന്നു. നിയമങ്ങളും ചട്ടങ്ങളും ഭരണഘടനാവിരുദ്ധമാണെങ്കിൽ ഹൈക്കോടതിക്കും സുപ്രീം കോടതിക്കും അവ റദ്ദാക്കാനും അധികാരമുണ്ട്.

ഈ കേസ്സിൽ പ്രസക്തമായ സർക്കാർ ഇത്തരവ് G.O.(P) NO.217/2005/HOME/DATED 25.7.2005 ആണ്. ഈ ഉത്തരവ് ഭരണഘടനാവിരുദ്ധമാണെങ്കിൽ ഇതു റദ്ദാക്കാൻ ഹൈക്കോടതിക്ക് അധികാരമുണ്ട്. പക്ഷേ ഈ ഉത്തരവു റദ്ദാക്കാൻ ആവശ്യപ്പെട്ട് ആരെങ്കിലും ഹൈക്കോടതിയെ സമീപിക്കണം. അതല്ല ഈ കേസ്സിൽ നടന്നത്. അതുകൊണ്ട് ഹൈക്കോടതി ഈ ഉത്തരവിന്റെ സാധുതയെക്കുറിച്ച് പരിശോധിച്ചതേയില്ല. ഈ സർക്കാർ ഉത്തരവു സാധുവാണ് എന്നു സങ്കല്പിച്ചുകൊണ്ടാണ് കോടതി വിധി പറഞ്ഞിരിക്കുന്നത്. ഈ നടപടി തെറ്റാണെന്നു പറയാനാവില്ല.

പ്രസക്തമായ മറ്റൊരു പ്രശ്നവും കോടതി ചൂണ്ടിക്കാട്ടുന്നുണ്ട്. എതിർ കക്ഷികൾ Church of God v. K.K.R. majestic Colony Welfare Association (2001 SCC 282) എന്ന സുപ്രീം കോടതി വിധി ചൂണ്ടിക്കാട്ടുന്നുണ്ട്. സ്ഥല പരിമിതിമൂലം ഈ വിധിയുടെ പ്രസക്ത ഭാഗങ്ങൾ മാത്രം ഉദ്ധരിക്കാം:

Church of God (Full Gospel), K.K.R.Nagar, Madhavaram High Road, Chennai ആണ് അപ്പീലുമായി സുപ്രീം കോടതിയെ സമീപിച്ചത്. ഈ സഭാഹാളിനു സമീപമുള്ള IKKR Majestic Colony Welfare Association ആയിരുന്നു പ്രധാന എതിർകക്ഷി. ഈ അസ്സോസിയേഷൻ തമിഴ്നാട് പൊല്യൂഷൻ കൺട്രോൾ ബോർഡിന് 15.5.96ന് കൊടുത്ത ഒരു പരാതിയാണ് സുപ്രീം കോടതി വരെ എത്തിയത്. സഭാഹാളിൽ മൈക്ക്, ഡ്രം തുടങ്ങിയവയുടെ സഹായത്തോടെ നടത്തുന്ന ആരാധന ശബ്ദമാലിന്യം ഉണ്ടാക്കുന്നു എന്നതായിരുന്നു പരാതി. പക്ഷേ സഭയിൽ നിന്നുള്ള ബഹളത്തേക്കാളധികം ശബ്ദം വഴിയിലൂടെ പോകുന്ന വാഹനങ്ങളിൽ നിന്നാണ് ഉണ്ടാകുന്നതെന്നായിരുന്നു ബോർഡിന്റെ കണ്ടെത്തൽ. ഇതിനെതിരെ സൊസൈറ്റി മദ്രാസ് ഹൈക്കോടതിയെ സമീപിച്ചു. വസ്തുതകൾ പരിശോധിച്ച കോടതി സഭയിൽ നിന്നുള്ള ശബ്ദം മാത്രമല്ല പ്രശ്നമാകുന്നതെന്നു കണ്ടെത്തി. എങ്കിലും സഭയിൽ നിന്നുള്ള ശബ്ദം പരമാവധി കുറയ്ക്കാൻ കോടതി നിർദ്ദേശിച്ചു. ഇതിനെതിരെ സഭ സമർപ്പിച്ച അപ്പീലാണ് സുപ്രീം കോടതി പരിഗണിച്ചത്. തങ്ങളുടെ മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഹനിക്കപ്പെട്ടിരിക്കുന്നു എന്നതായിരുന്നു സഭയുടെ പരാതി.

വസ്തുതകളെല്ലാം വിശദമായി പരിശോധിച്ച സുപ്രീം കോടതി ശ്രദ്ധേയമായ ഒരു വിധിയാണു പുറപ്പെടുവിച്ചത്. അത് ഇങ്ങനെയാണ്.

In the present case, the contention with regard to the rights under Article 25 or Article 26 of the Constitution which are subject to "public order morality and health" are not required to be dealtwith in detail mainly because as stated earlier no religion prescribes or preaches that prayers are required to be performed through voice amplifiers or by beating of drums. In any case, if there is such practice, it should not adversely affect the rights of others including-that of being not disturbed in their activities. We would only refer to some observations made by the Constitution Bench of this Court qua rights under Articles 25 & 26 of the Constitution in Acharya Maharajshri Narendra Prasadji Anand Prasadji Maharaj and Ors. v. The State of Gujarat and Ors. 1975(I) SCCII. After considering the various contentions, the Court observed that "no rights in an organized society can be absolute. Enjoyment of one's rights must be consistent with the enjoyment of rights also by others. Where in a free play of social forces it is not possible to bring about a voluntary harmony, the State has to step in to set right the imbalance between competing interest". The Court also observed that "a particular fundamental right cannot exist in isolation in a water-tight compartment. One fundamental right of a person may have to co-exist in harmony with the exercise of another fundamental right by others also with reasonable and valid exercise of power by the State in the light of the directive principles in the interests of social welfare as a whole".

Further, it is to be stated that because of urbanization or industrialization the noise pollution may in some area of a city/town might be exceeding permissible limits prescribed under the rules, but that would not be a ground for permitting others to increase the same by beating of drums or by use of voice amplifiers, loudspeakers or by such other musical instruments and, therefore, rules prescribing reasonable restrictions including the rules for the use of loudspeakers and voice amplifiers framed under (the Madras Town Nuisance Act. 1889 and also the Noise Pollution (Regulation and Control) Rules, 2000 arc required to be enforced. We would mention that even though the rules are unambiguous, there is lack of awareness among the citizens as well as the implementation authorities about the rules or its duty to implement the same. Noise polluting activities which are rampant and yet for one reason or the other, the aforesaid rules or rules framed under various State Police Acts are not enforced. Hence, the High Court has rightly directed implementation of the same.

In the result, the appeal is dismissed. ഫലത്തിൽ ചർച്ച് ഓഫ് ഗോഡ് പരാജയപ്പെട്ടു.

സുപ്രീം കോടതിയുടെ ഈ ഉത്തരവും എതിർഭാഗം ചൂണ്ടിക്കാട്ടിയെങ്കിലും വാദിഭാഗത്തിനു മറുപടിയുണ്ടായില്ല. അതുകൊണ്ട് ഹൈക്കോടതിക്ക് മറിച്ചൊരുത്തരവു നൽകാൻ കഴിയുമായിരുന്നില്ല.

ഇനിയെന്ത് എന്ന ചോദ്യം അവശേഷിക്കുന്നു. കളക്ടറുടെ അനുവാദം കൂടാതെ പെന്തക്കോസ്തുകാർ വീടുകളിൽ യോഗം നടത്താൻ പാടില്ല എന്നു ഹൈക്കോടതി ഉത്തരവിട്ടു എന്നു പത്രങ്ങളിൽ വാർത്ത വന്നതുകൊണ്ട് ഭവനപ്രാർത്ഥനകൾക്കു തടസ്സമുണ്ടായേക്കാം. സുവിശേഷവിരോധികൾ ഈ അവസരം മുതലെടുത്തേക്കാം. ആഭ്യന്തര വകുപ്പിനെക്കൊണ്ട് 2005ലെ 217-ാം നമ്പർ ഉത്തരവു പിൻവലിപ്പിക്കുകയോ ഈ ഉത്തരവു ഭരണഘടനാവിരുദ്ധമാണെന്നൊരു കോടതി വിധി സമ്പാദിക്കുകയോ മാത്രമാണു പരിഹാരമാർഗ്ഗം. പക്ഷേ ഈ കേസ്സിന്റെ മറവിൽ ആളുകളിക്കാനും പണമുണ്ടാക്കാനും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവരെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ പെന്തക്കോസ്തർ ശരിക്കും ബുദ്ധിമുട്ടിലാകും.

---

**PIUS C. KURIAKOSE & K. HARILAL, JJ.**
**W.P. (C). NO. 6057 OF 2011**
Dated this the 15th day of December, 2011.

**JUDGMENT**

**Pius C. Kuriakose, J.**

Counsel for the petitioner seeks adjournment. We are not inclined to grant adjournment as the matter has been pending for quite some time.

2.The petitioners, who belong to Christian pentacost community and claim to have been conducting prayer meetings in their house in what they describe as a very calm and peaceful manner, without causing nuisance to the neighbours have filed this writ petition alleging that at the instance of the party respondents the police officials are harassing them. The 3rd respondent has filed a detailed counter affidavit wherein she content on the basis of document Ext. R3 (a), (b) and (c) that the manner in which the petitioners are conducting prayer meeting is causing extreme nuisance to the neighboring people. She relied on the judgment of the supreme court in **Church of God v. K.K.R. Majestic Colony Welfare Association** (2007 SCC 282) in support of her contentions.

3. As directed by us, the second respondent has filed a detailed statement. In the statement the 2nd respondent denies the allegation that the petitioners are being harassed by the police officers at the instance of respondents 3 and 4. It is contended that on 15.7.2010 respondents 3 & 4 filed a complaint before before the second respondent and the above complaint was registered as complaint No. 158/IDP/10 PDLM. The complaint was made over to the Circle Inspector of the Police, Pandalam who enquired the same. It is submitted that as a part of the enquiry onto the complaint, the petitioners were summoned by respondents 1 and 2. Respondents 1 and 2 only advised the petitioners to obtain permission from the District collector for conducting prayer meetings in their houses. Such direction it is contended is absolutely necessary in view of Ext. R1 (a) government order. In the statement it is submitted that respondents 1 and 2 have not made any kind of harassment to the petitioners and they have not obstructed the conduct of the prayer meetings but what was insisted was only that mass prayers should not be conducted without prior permission from the district collector. To the counter affidavit submitted by the second respondent, the petitioners have filed a reply affidavit reiterating what they have sated in the writ petition. Nothing is stated in the reply affidavit about the Government Order referred to by the Dy.S.P.

The only question which arises for decision by us is whether the action of respondents 1 and 2 in summoning the petitioner to their office and in instructing them to obtain consent from the District Collector can be branded as harassment. According to us, the above question can be answered only in the negative. We decline jurisdiction and dismiss the writ petition. This judgment however will not stand in the way of the petitioner conducting public community prayers after obtaining prior permission of the District Collector in terms of Ext. R1 (a) G.O.

**PIUS C. KURIAKOSE, JUDGE.**
**K. HARILAL, JUDGE.**

# വാൾട്ടോ വീണ്ടും വലവിരിക്കുന്നു



Antony Walto

സുവിശേഷഘോഷണത്തിന്റെ മറവിൽ തട്ടിപ്പു നടത്താൻ ആന്റണി വാൾട്ടോ വീണ്ടും തയ്യാറെടുക്കുന്നു. ഇത്തവണ ഗൾഫിൽ പരിപാടി നടത്താനാണ് ആലോചന. ഇതിനു മുമ്പ് ഇയാൾ ഇത്തരമൊരു തട്ടിപ്പു നടത്തിയത് 2007 സെപ്റ്റംബർ 21ന് എറണാകുളത്തായിരുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡിഫെൻഡറിന്റെ 2007 സെപ്റ്റംബർ 1, 16 ലക്കങ്ങൾ നോക്കുക. ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടിയെക്കുറിച്ച് ഇയാൾ പറയുന്നതിങ്ങനെ:

Are looking for born again Christian volunteers, singers, vocalists, chores from various congregations and houses of worship to help in this community outreach event. The concert will consist of praise and worship music along with a prophecy sermon. That enchantingly represents the many different congregations that exist in our community.

Some of the areas where children of God needed are:

*Publicity and Advertising
*Stage and Sound
*Video
*Accounting and Expenses
*Ticket Distribution
*Corporate Sponsorships
*Event Program
*Refreshments
*Volunteer Coordinator

You need not have musical talent to participate on this assignment. All that is needed is a heart to serve and a vision to see all people of faith in our community join together in unity through God's great gift of music. If you and your church are interested in the above said venture do not hesitate to contact us.

## തിരുവത്താഴം കൊടുക്കാൻ അശുദ്ധനും പ്രകൃതിവിരുദ്ധനും

എ.ജി മലയാളം ഡിസ്ട്രിക്ടിന്റെ ജനറൽ കൺവൻഷനിൽ തിരുവത്താഴം വിതരണം നടത്തിയവരുടെ കൂട്ടത്തിൽ പരിശുദ്ധ വളഞ്ഞവട്ടനും അതിപരിശുദ്ധ പ്രകൃതിവിരുദ്ധനും ഉണ്ടായിരുന്നു. വളഞ്ഞവട്ടൻ ഗൾഫിലെ കൊയ്ത്തു കഴിഞ്ഞ് തലേന്നു മാത്രമാണ് എത്തിയത്. പ്രകൃതിവിരുദ്ധന് ഓഡിനേഷൻ കിട്ടിയതുകൊണ്ട് തിരുവത്താഴം കൊടുക്കാനുള്ള അധികാരവും ലഭിച്ചു. അങ്ങനെ ഈ പരമ പുണ്യാളൻമാർ തിരുവത്താഴം വിതരണം നടത്തി. പി.എസ്.ഫിലിപ്പ് എന്ന പരമ കൊജ്ഞാണൻ ഈ തോന്ന്യാസത്തിനു കൂട്ടുനിന്നു.



# വരുന്നു സാമ്പത്തിക വിടുതൽ ശുശ്രൂഷ




''സാമ്പത്തിക വിടുതൽ ശുശ്രൂഷ'' എന്നൊരു കലാപരിപാടിയെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ഭാവിയിൽ ഇത്തരത്തിലുള്ള കുറെ ശുശ്രൂഷകളുണ്ടാകാൻ ഇടയുണ്ട്. സംശയമുള്ളവർ മുകളിൽ കാണുന്ന ചിത്രം നോക്കുക. ജനുവരി 14ന് ചെങ്ങന്നൂരിൽ നടന്ന ഒരു സുവിശേഷയോഗത്തിന്റെ പരസ്യമാണിത്. ബ്രദർ കെ.എം.ടൈറ്റസ് എന്നൊരാളാണ് ഈ അദ്ഭുതകൃത്യം ചെയ്യുന്നത്. ഇദ്ദേഹത്തെപ്പറ്റി കൂടുതലായി ഒന്നും അറിഞ്ഞുകൂടാ. ദുരുപദേശക്കാരുടെ വിഹാരരംഗമായ ചവർ ചാനലിൽ ഇദ്ദേഹവും പ്രസംഗിക്കുന്നതായി അറിയാം. ഏതു സഭക്കാരനാണെന്നോ എന്തുതരം ഉപദേശമാണു പഠിപ്പിക്കുന്നതെന്നോ പിടി കിട്ടിയിട്ടില്ല.

'സാമ്പത്തിക വിടുതൽ ശുശ്രൂഷ' എന്നൊന്ന് കർത്താവോ ശിഷ്യൻമാരോ നടത്തിയിട്ടില്ല. ഇത്തരത്തിലുള്ള ഒന്നും കർത്താവു വാഗ്ദത്തം ചെയ്തിട്ടില്ല. അപ്പോസ്തലൻമാർ പ്രാപിച്ചിട്ടില്ല. ലേഖനങ്ങളിൽ ഉപദേശവുമില്ല. അതുകൊണ്ട് ഇതു ദൈവികമല്ല എന്നതിനു സംശയമില്ല. പക്ഷേ പരസ്യം കണ്ടിട്ട് ഇതു സമൃദ്ധിയുടെ സുവിശേഷത്തിന്റെ ഭാഗമാണെന്നു തോന്നുന്നു. മാമോനെ കർത്താവും രക്ഷകനുമായി പ്രസംഗിക്കുകയും ഭൗതിക നൻമകൾ വാഗ്ദാനം ചെയ്യുകയുമാണല്ലോ സമൃദ്ധിയുടെ സുവിശേഷകർ ചെയ്യുന്നത്. സാമ്പത്തിക നൻമകൾ സാത്താൻ തടയുകയാണെന്നും ഈ യോഗത്തിൽ പങ്കെടുത്താൽ സാത്താന്റെ കെട്ടു പൊട്ടുമെന്നുമാകാം പ്രചരണം.



# മദ്യപിച്ചു വാഹനമോടിച്ചതിന് റിച്ചാഡ് റോബർട്സ് പിടിയിൽ

മദ്യപിച്ചു വാഹനമോടിച്ചതിന് റിച്ചാഡ് റോബർട്സ് പോലീസ് പിടിയിലായി. ഓറൽ റോബർട്സിന്റെ മകനും ഓറൽ റോബർട്സ് ഇവാഞ്ചലിക്കൽ അസോസിയേഷന്റെ തലവനുമാണ് റിച്ചാഡ് റോബർട്സ്.

ജനുവരി 23ന് അർദ്ധരാത്രി കഴിഞ്ഞ് (ചൊവ്വാഴ്ച രാവിലെ) ആണു റിച്ചാഡ് പോലീസ് പിടിയിലായത്. കഴിഞ്ഞ നാലു വർഷങ്ങളായി റിച്ചാഡ് പലവിധ വിവാദങ്ങൾ അകപ്പെട്ടു വലയുകയായിരുന്നു. ഇതോടുള്ള ബന്ധത്തിൽ ജനുവരി 24ന് Oklahoma's Own എന്ന അമേരിക്കൻ പത്രത്തിൽ വന്ന വാർത്ത താഴെ കൊടുക്കുന്നു:

TULSA, Oklahoma - Richard Roberts, son of the late Oral Roberts and chairman and CEO of Oral Roberts Evangelistic Association, was arrested early Tuesday morning in Tulsa for driving under the influence and speeding.

It happened at 10 minutes after midnight Tuesday morning.



Roberts was driving a 2006 Mercedes east on the Creek Turnpike, when a trooper pulled him over for speeding.

Roberts was stopped on Highway 169, just south of the 71st Street Exit.

According to the arrest report, the Trooper smelled alcohol on Roberts and said he failed two field sobriety tests. A breathalyzer test showed a point .11 alcohol level - which is over the legal limit of .08.

Read Arrest Report

The trooper then took Roberts to the Tulsa County Jail where he was booked on a complaint of DUI and speeding 15 or more miles per hour over the speed limit.

Roberts is now the CEO of the ministry founded by his father - now branded as Richard Roberts Ministries.

No one was at the office when News On 6 stopped by and the ministry didn't return our calls for comment.

The University issued a statement saying "Our prayers go out to Richard and Lindsay Roberts and their entire family as they face this life challenge. May God's grace help them as they work towards healing."

It's been almost four years since Roberts was sued by an ORU professor for wrongful termination - and also accused of lavish spending at the expense of the financially strapped University.




# ഏറ്റവും വലിയ സഭയേത്?

ലോകത്തിലെ ഏറ്റവും വലിയ സഭയേത്? യോംഗിചോയുടെ സഭയാണോ? അല്ലെന്ന് ഗോസ്പൽ ഹെറാൾഡ് എന്ന പത്രം പറയുന്നു. ചൈനയിലുള്ള ഒരു സഭയിൽ 50 അംഗങ്ങൾ വീതമുള്ള ഒരു ലക്ഷം ഹൗസ് ഗ്രൂപ്പുകൾ ഉണ്ടത്രേ. അങ്ങനെയെങ്കിൽ ഈ ചൈനീസ് സഭയിൽ 50 ലക്ഷം അംഗങ്ങളുണ്ടായിരിക്കും. ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഗോസ്പൽ ഹെറാൾഡിൽ വന്ന വാർത്ത ഇതാ:

## World's Biggest Church is in China

Influential Chinese economist Zhao Xiao recently reported that the biggest church in the world is in China rather than what's commonly thought to be Rev. Yonggi Cho's Full Gospel Church in South Korea.

China is undergoing a transfor-mative change as a result of the cross, where in some of its areas the churches are greatly revived, number of believers has surpassed half of the population, said Zhao, founder and chairman of Beijing-registered Cypress Leadership Institute, at a seminar hosted by Full Gospel Business Men's Fellowship in Southern California. Although Yonggi Cho's church comprises of 800,000 members and seats at the top among the global Christian churches, but after careful examination, Zhao said that the truth is that the largest church is in China. There is a church in China that comprises of 100,000 congregations, which each congregation consists of an average of 50 people and the total combined figure surpasses five million – a figure that is five to six times that of Full Gospel Church. Moreover, that church in China is concerned about missions and has sent out over 100 missionaries overseas. Although the continuous growth of Christians in China is obvious, the believers are lacking in quality and strength, and their ministries must try to improve continuously. In this aspect, Zhao encourages the church in China to learn more from the Christian churches in the neighboring country South Korea. Zhao shared his experiences in visiting some of the famous Korean churches, where he was deeply moved by their passionate prayers and dedication to missions. Many Korean churches begin their day at 4-5am. There was one time that he woke up at 5 am to participate in the prayer meeting, and to his surprise the church was already crowded with people that it was hard to find a seat by the time that he arrived. Furthermore, Zhao said that many Korean churches would begin their overseas mission just one year after their churches' founding; Korean churches use overseas mission as an objective to stimulate the local church growth. The most famous example is Korea's Onnuri Church, whose vision is to become a church of mission, and one of their objectives is to have one in every three families to go on overseas mission. Their future goal is to send 2,000 missionaries abroad.

Zhao emphasized that China's experiences in the change from the cross is beneficial towards ensuring the country flourishes and the people live in peace, building a harmonious society, and bringing an abundant blessings to God's kingdom.Zhao first gained attention for arguing that China's economy would benefit from the spread of Christianity. In 2002, he published a paper titled "Market Economies With Churches and Market Economies Without Churches", which argued that the key to America's commercial success was its churches.



RNI No. 68089 / 97
2012 February 1

THE DEFENDER

REGISTERED
KL/ALY/0031/2012-2014

# അജ്ഞൻ വീണ്ടും മറുകണ്ടം ചാടി

ശ്രീമാൻ അച്ചൻകുഞ്ഞ് ഇലന്തൂർ വീണ്ടും മറുകണ്ടം ചാടി. മരുപ്പച്ചയുടെ ജനുവരി 5 ലക്കത്തിൽ ഒന്നാംതരം പെന്തക്കോസ്തുകാരനായി വെളിപ്പെട്ട ഈ അവസരവാദി അടുത്ത ലക്കത്തിൽത്തന്നെ (ജനുവരി 20) സമുദായക്കാരനായി. സാഹചര്യമനുസരിച്ചു വാലും തലയും കാണിക്കുന്നവനാണ് അജ്ഞൻ എന്നു ഡിഫെൻഡർ കഴിഞ്ഞ ലക്കത്തിൽ പറഞ്ഞതു ശരിയാണെന്ന് ഇതാ തെളിയുന്നു.

പറഞ്ഞുവരുന്നതിന്റെ ഗൗരവം പിടി കിട്ടാത്തവർ ദയവായി http://tsbalan.com/mp.pdf എന്ന ലിങ്കിൽ നിന്ന് ജനുവരി 20 ലക്കം മരുപ്പച്ച ഡൗൺലോഡ് ചെയ്തു വായിക്കുക. കടുത്ത ദുരുപദേശങ്ങളാണ് മരുപ്പച്ചയിലുള്ളതെന്ന് അപ്പോൾ മനസ്സിലാകും. പക്ഷേ വചനപരിജ്ഞാനമില്ലാത്തവർക്ക് തെറ്റും ശരിയും തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടാകാം. അജ്ഞന്റെ വിജയം സാധുക്കളുടെ അജ്ഞതയിലാണ്.

ആദ്യമായി ഒന്നാം പേജ് നോക്കുക: "ആരെല്ലാം തള്ളിപ്പറഞ്ഞാലും ക്രിസ്തുവിനെ എനിക്കു വേണം: പെരുമ്പടവം ശ്രീധരൻ" എന്നൊരു അഞ്ചുകോളം തലക്കെട്ടാണ് ഒന്നാം പേജിൽ പ്രധാനമായി ഉ ള്ളത്. അജ്ഞൻ തിരുമേനി മറ്റു ചില തിരുമേനിമാരോടൊപ്പം വിലസുന്ന ചിത്രവുമുണ്ട്. ആരെല്ലാം തള്ളിപ്പറഞ്ഞാലും പെരുമ്പടവം ശ്രീധരനു ക്രിസ്തുവിനെ വേണമത്രേ. സാധാരണക്കാരെയെല്ലാം കോരിത്തരിപ്പിക്കുന്ന തലക്കെട്ടുതന്നെ, സംശയമില്ല. പക്ഷേ ഒരു സംശയം: ഏതു ക്രിസ്തുവിനെയാണു പെരുമ്പടവത്തിനു വേണ്ടത്? ഏകസത്യ രക്ഷകനായ യേശുക്രിസ്തുവിനെയാണോ? അല്ല. പിന്നെ ആരെ? വിപ്ലവകാരിയായ ക്രിസ്തുവിനെയാണ് പെരുമ്പടവത്തിനു വേണ്ടത്. ഈ ക്രിസ്തുവിനെ വേണമെന്നു പറയാൻ കാരണമെന്ത്? ക്രിസ്തു തോളിൽ തട്ടി ആശ്വസിപ്പിക്കും. യേശു സ്നേഹമുള്ളവനാണ്. അതുകൊണ്ട് പെരുമ്പടവത്തിനു ക്രിസ്തുവിനെ വേണം.



യേശുവല്ലാതെ മറ്റൊരു രക്ഷകനില്ല എന്നു പെരുമ്പടവം വിശ്വസിക്കുന്നുണ്ടോ? കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാൻ തയ്യാറാണോ? വീണ്ടും ജനനം പ്രാപിച്ച് ഒരു പുതിയ സൃഷ്ടിയാകാൻ ഏല്പിച്ചു കൊടുക്കുമോ? ഇനിയുള്ള ജീവിതം യേശുവിനായി മാറ്റി വയ്ക്കുമോ? ഇതിനൊന്നും തയ്യാറാണെന്നു പെരുമ്പടവം പറഞ്ഞതായി അറിവില്ല. പിന്നെ എന്താണു ചെയ്യുന്നത്? ക്രിസ്ത്യാനികൾ എന്തെങ്കിലും പരിപാടിക്കു വിളിച്ചാൽ അവിടെച്ചെന്നു ക്രിസ്തുവിനെക്കുറിച്ചു കുറെ ചക്കരവാക്കുകൾ പറയും. അച്ചൻകുഞ്ഞിനെപ്പോലുള്ള ശുംഭൻമാർ അത് അഞ്ചുകോളം തലക്കെട്ടാക്കും. കഷ്ടമെന്നല്ലാതെ എന്തു പറയാൻ!

അച്ചൻകുഞ്ഞ് എന്തിനാണ് ഈ ഫോട്ടോ സഹിതം അഞ്ചുകോളം വാർത്ത കൊടുത്തത്? ഇതിലൂടെ ഈ വിരുതൻ സകലരോടും പറയുന്നു: "നോക്കീനെടാ പഹയൻമാരേ, ഞാൻ കുറഞ്ഞ പുള്ളിയൊന്നുമല്ല. പെരുമ്പടവം ശ്രീധരൻ, കാതോലിക്കാ ബാബ, സീറോ മലബാർ സഭയുടെ വക്താവ്, മാർ ക്രിസോസ്റ്റം തുടങ്ങിയവരോടൊപ്പം ഇരിക്കുന്ന മഹാനാണു ഞാൻ". (ഇണയല്ലാപ്പിണ കൂടുന്നതാണു മാനമെങ്കിൽ ആയിക്കൊള്ളൂ, പക്ഷേ പെന്തക്കോസ്തിന്റെ ഏഴയലത്തുപോലും എത്തരുത്.)

"കത്തോലിക്കാ, എപ്പിസ്ക്കോപ്പൽ, കോൺഗ്രിഗേഷണൽ പത്രാധിപൻമാരുടെ സംയുക്തവേദിയാണ് ക്രിസ്ത്യൻ എഡിറ്റേഴ്സ് സൊസൈറ്റി" എന്ന് അജ്ഞൻ പറയുന്നു. ഏതു കോൺഗ്രിഗേഷൻ പത്രാധിപർ അല്ലെങ്കിൽ പത്രം ആണ് ഈ സൊസൈറ്റിയിലുള്ളത്? അടുത്ത കാലം വരെ പെന്തക്കോസ്ത് പത്രങ്ങളെയും അജ്ഞൻ ഈ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരുന്നു. ഡിഫെൻഡർ അതു ചോദ്യം ചെയ്തതുകൊണ്ടാണ് ഇപ്പോൾ സംഗതി കോൺഗ്രിഗേഷനാക്കിയത്. തലയും വാലും തരം പോലെ കാണിക്കുന്ന അജ്ഞനും അജ്ഞന്റെ പത്രമായ മരുപ്പച്ചയും അല്ലാതെ അന്തസ്സും ആത്മാഭിമാനവുമുള്ള ഒരു കോൺഗ്രിഗേഷൻകാരനും ഇണയല്ലാപ്പിണ കൂടാൻ പോകുകയില്ല.

തുടർന്നുള്ള പേജുകളിലും അജ്ഞന്റെ സമുദായസ്നേഹം കരകവിഞ്ഞൊഴുകുകയാണ്. ക്രിസോസ്റ്റം ഐ.പി.സി കൺവൻഷനിൽ വന്നതു ചരിത്ര സംഭവമാണത്രേ. സംഗതി ശരിയാണ്: ഐ.പി.സി ആത്മീയ വ്യഭിചാരം ഔദ്യോഗികമായി ആരംഭിച്ചു എന്നതു ചെറിയ കാര്യമല്ലല്ലോ.

നവോത്ഥാനക്കാര്യം പറഞ്ഞു ബോറടിപ്പിക്കുന്നതിനിടയിൽ ഈ നീചൻ ഏബ്രഹാം പനച്ചിമൂട്ടിൽ എന്നൊരു റവയെക്കൊണ്ട് കടുത്ത ദുരുപദേശം അവതരിപ്പിക്കുന്നുമുണ്ട്. രക്ഷിക്കപ്പെടാൻ പ്രവൃത്തികൂടി വേണമെന്ന് ഈ റവ കണ്ടുപിടിച്ചിരിക്കുന്നു. രക്ഷിക്കപ്പെട്ടവൻ സൽപ്രവൃത്തി ചെയ്യുമെന്നല്ലാതെ രക്ഷിക്കപ്പെടാൻ സൽപ്രവൃത്തി വേണമെന്നു പുതിയനിയമം പഠിപ്പിക്കുന്നില്ല എന്ന ലളിതമായ സത്യം പോലും അറിയാത്ത ഈ റവയെ അജ്ഞന് എവിടെനിന്നു കിട്ടിയെന്നറിഞ്ഞുകൂടാ. റോയി പൂവക്കാലായുടെ മഹത്വം കൂടി വർണ്ണിച്ചിട്ട് മരുപ്പച്ച പരസ്യങ്ങളിലേക്കു കടക്കുന്നു.

മരുപ്പച്ച ഇനി ഒരിക്കലും പെന്തക്കോസ്ത് ആകില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. പിണ്ണാക്ക് കോൺഫ്രൻസിന് വിതരണം ചെയ്യാനുള്ള മരുപ്പച്ച ശുദ്ധ പെന്തക്കോസ്ത് പത്രമായിരിക്കും. അതാണ് അജ്ഞന്റെ പുത്തി. ദൈവമക്കളേ, സൂക്ഷിക്കുക: അച്ചൻകുഞ്ഞ് ഇലന്തൂർ യൂദാസിന്റെ പിൻഗാമിയാണ്.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ പോസ്റ്റിൽ അയയ്ക്കുന്നതിനു നിയന്ത്രണമുണ്ട്. ആകയാൽ വിദേശ രാജ്യങ്ങളിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക. (വിദേശത്തേക്കു സി.ഡി. അയയ്ക്കുന്നതല്ല.) എന്നാൽ ഗൾഫ് രാജ്യങ്ങൾ ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് യു.എസ്.ബി. ഡ്രൈവിലുള്ള പ്രസംഗങ്ങൾ അയയ്ക്കുന്നതാണ്. വില: (200 മണിക്കൂർ)-100 ഡോളർ. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan